
# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 6 ലക്കം 2 പേജുകൾ 34 മേയ് 2025



- കഥ
- കവിത
- കാർട്ടൂൺ കേരളം
- പുസ്തക പരിചയം

# അനന്തരം...

# JOS ALUKKAS

A TRADITION OF FINE JEWELLERY




## സ്വർണം, ചെറിയ നിക്ഷേപത്തിലൂടെ

### 12 MONTHS ARRANGEMENT

| SCHEME | MONTHLY INSTALLMENT | NO.OF PAYMENTS | SPECIAL DISCOUNT ON PURCHASE |
|---|---|---|---|
| A | 1000 | 12 | 800 |
| B | 3000 | 12 | 2400 |
| C | 5000 | 12 | 4000 |
| D | 10000 | 12 | 8000 |
| E | 25000 | 12 | 20000 |
| F | 50000 | 12 | 40000 |
| G | 100000 | 12 | 80000 |

Conditions apply.

സ്പെഷ്യൽ ഡിസ്കൗണ്ടിനൊപ്പം
ഗൃഹോപകരണങ്ങളും സമ്മാനം

**THRISSUR:** Round East. Ph: 0487-2331812 | Shop online at www.josalukkasonline.com

KERALA | ANDHRA PRADESH | TELANGANA | TAMIL NADU | PUDUCHERRY | KARNATAKA




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**






**എം. ആർ. ബാലചന്ദ്രൻ**

# അകത്താളുകളിൽ


## കഥ
ദിവ്യ സി.ആർ. ..................... പേജ് 5
ദർശന ............................. പേജ് 7
ശ്രീശുഭ ........................... പേജ് 10
അപ്സന സുൽഫിക്കർ......... പേജ് 11

## കാർട്ടൂൺ
എം.ആർ.ബാലചന്ദ്രൻ ........... പേജ് 3

## പുസ്തകപരിചയം
സന്തോഷ്കുമാർ കെ. .......... പേജ് 34

## കുട്ടികളുടെ മഷിപ്പച്ച .. പേജ് 29

## കവിത
ദീപ ദിനേശ് ....................... പേജ് 13
മനീഷ .............................. പേജ് 14
ക്ലേലിയാ ജോൺ.................. പേജ് 15
അജയ് നാരായണൻ............. പേജ് 16
ഷഫീന സൈത്തൂൻ............. പേജ് 17
നിത്യാലക്ഷ്മി എൽ.ആൽ ...... പേജ് 18
ശഫീഖ് അബ്ദുള്ള .............. പേജ് 19
ഡോ. രമ്യാരാജ്................... പേജ് 20
ജയപാലൻ കാര്യാട്ട് .............. പേജ് 21
മഞ്ജു ഗണേഷ്..................പേജ് 22
നുഷറ സി.എച്ച്. .................പേജ് 23
നിബിൻ കള്ളിക്കാട്............ പേജ് 24
സലീന സലാവുദ്ദീൻ ............ പേജ് 26
ആതിര നെല്ലിമൂട് ............... പേജ് 27
അജീഷ്മോൻ ജെ. ...............പേജ് 28


## ഓപ്പറേഷൻ സിന്ദൂർ



കേണൽ സോഫിയ ഖുറേഷിയും
വിങ് കാമാൻഡർ വ്യോമിക സിങ്ങും.

അതിർത്തി കടന്ന് നടത്തിയ ആക്രമണത്തെ കുറിച്ച് ലോകത്തോട്
ഭാരതം സംസാരിച്ചത് ഇവരിലൂടെ

# ആത്മഹത്യ ചെയ്തവന്റെ മക്കൾ



ദിവ്യ സി ആർ



'തന്തയ്ക്കും തള്ളയ്ക്കും പോലും വേണ്ടാത്ത നീയൊക്കെ എന്തിനാണ് ഇങ്ങനെ മറ്റുള്ളവരെ ദ്രോഹിക്കാനായി ജീവിക്കുന്നത്.?'

പതിവുപോലെ മുഴങ്ങിക്കെട്ട ആക്രോശങ്ങളുടെ നടുവിൽ ആ വീടുണർന്നു.

'തന്തേം തള്ളേം ഒന്നിച്ച് ചത്തൊടുങ്ങി. ചുമക്കാൻ ഞാനുണ്ടല്ലോ.. നാശം പിടിക്കാൻ.'

'എന്തൊരു വിധിയാണിത്..'

രാവിലെ തന്നെ പരിതപിച്ചുകൊണ്ടവർ അടുക്കളയിലെ പാത്രങ്ങളോട് ഒച്ചയിട്ടു.

'വിനൂ..എണീക്ക്..'

കുഞ്ഞനിയനെ തൊട്ടു വിളിക്കുമ്പോൾ അവൻ നല്ല ഉറക്കത്തിലായിരുന്നു.

' ചേച്ചീ.. ഞാനല്പം കൂടി ഉറങ്ങട്ടെ..' തണുപ്പിനെ കൂട്ടുപിടിച്ച് പിഞ്ഞുതുടങ്ങിയ പുതപ്പ് ഒന്നുകൂടി അവൻ വലിച്ചുമൂടി തിരിഞ്ഞു കിടന്നു.

ഞാനെഴുന്നേറ്റ് അടുക്കളയിലേക്ക് കടന്നു.

'ആഹാ.. കെട്ടിലമ്മ ഉണർന്നല്ലോ.. സുഖജീവിതമല്ലേ... ഉണ്ണുക.! ഉറങ്ങുക.!'

അധിക്ഷേപം തീമഴ പോലെ ചൊരിയുമ്പോഴും എന്നിൽ നിന്നൊരു വാക്ക് പോലും പുറത്തേക്കു വരില്ലെന്നവർക്കുറപ്പുണ്ട്.

മക്കളെ ഉപേക്ഷിച്ച് ആത്മഹത്യയിലേക്ക് ഇറങ്ങിപ്പോയ ഇറങ്ങിപ്പോയവരുടെ മക്കൾക്ക് ഇതിലും കൂടുതൽ ദുർവിധി മറ്റെന്നാണുള്ളത്..

ബന്ധുക്കളുടെയും നാട്ടുകാരുടെയും കുത്തുവാക്കുകളും ശകാരങ്ങളും കേട്ട് ജീവിക്കുന്ന അവസ്ഥയെ ജീവിതമെന്നൊക്കെ വിളിക്കാൻ കഴിയുമോ..?

ആ ദിവസം എനിക്കിപ്പോഴും ഓർമയുണ്ട്..

ഉച്ച ഭക്ഷണം കഴിഞ്ഞ്, എട്ടാം ക്ലാസിലെ ചരിത്രപാഠങ്ങൾ പഠിപ്പിക്കാൻ തുടങ്ങുമ്പോഴാണ് ക്ലാസ് ടീച്ചർ കടന്നുവന്ന് ഹിസ്റ്ററി ടീച്ചറിനോട് സ്വകാര്യമായി എന്തോ പറഞ്ഞത്.

' വീണ വരൂ..'

ഏറ്റവും പുറകിലിരുന്ന എന്നെ ടീച്ചർ വിളിക്കുമ്പോൾ തെല്ലൊരു അതിയശമായിരുന്നു തോന്നിയത്. എവിടെയും മുന്നിലല്ലായിയിരുന്ന തന്നെ എന്തിനാവും ടീച്ചർ വിളിക്കുന്നത്.?

മടിച്ചുമടിച്ച് മുന്നോട്ട് നീങ്ങിയപ്പോൾ,

' ബാഗും കൂടി എടുത്തോണ്ട് വന്നോളൂ.'

എന്നതായി മറുപടി. ക്ലാസിന് പുറത്തേക്കിറങ്ങുമ്പോൾ മാമൻ അവിടെ തന്നെ കാത്തുനിൽപ്പുണ്ട്. കൂടെ വിനുവും. അമ്മാവനെ കണ്ട സന്തോഷത്തിൽ പോയി കെട്ടിപ്പിടിച്ചു. പക്ഷേ, പതിവ് സ്നേഹപ്രകടനങ്ങളൊന്നും അമ്മാവനിൽ കണ്ടില്ല. കണ്ണുകൾ ചുവന്നു കലങ്ങി കാർമേഘങ്ങൾ പെയ്തിറങ്ങാൻ മടിച്ചുനിൽക്കുന്ന ആകാശം പോലെ മുഖം കടുത്തിരിക്കുന്നു. അമ്മാവൻ വന്ന ഓട്ടോയിൽ ഞങ്ങളെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയി.

വീട്ടുമുറ്റത്തെ ആൾക്കൂട്ടം കണ്ടു. ശരിക്കും ഭയം തോന്നി.

' ഇവരൊക്കെ എന്തിനാണിവിടെ കൂടിനിൽക്കുന്നത്.?'

'അച്ഛൻ മദ്യപിച്ച് വീണ്ടും അമ്മയെ തല്ലിയോ..?'

'ദൈവമേ.. എന്റെ അമ്മ.!'

ഭയന്നു വിറച്ച കാലുകൾ മുന്നോട്ടു നീങ്ങുമ്പോൾ കണ്ണുകളിൽ ഇരുൾ പടരുന്നതുപോലെ. വീടിനുള്ളിൽ ബന്ധുക്കളും പോലീസും നിറഞ്ഞുനിൽക്കുന്നു. കത്തിക്കരിഞ്ഞ അടുക്കളയുടെ ഒരു ഭാഗം പോലീസ് പരിശോധിക്കുന്നു. ബന്ധുക്കളും നാട്ടുകാരുടെയും അടക്കിപ്പിടിച്ച സംഭാഷണങ്ങൾ..

എന്റെയും അനിയന്റേയും നേരെ നീളുന്ന സഹതാപനോട്ടങ്ങൾ..

' ഇതാണ് അവരുടെ മക്കൾ.'

അയൽവാസികൾ പോലീസുകാർക്ക് ഞങ്ങളെ പരിചയപ്പെടുത്തി. വളരെ സ്നേഹത്തോടെ അവരിൽ ഒരാൾ ഞങ്ങളെ അടുത്തേക്ക് വിളിച്ചു.

‘ ന്റെ മ്മാ..‘

‘എന്റെ അമ്മാ..‘

‘അമ്മയെവിടെ..‘

കരച്ചിലിന്റെ വക്കോളമെത്തിയ സങ്കടങ്ങളാലടർന്നുവീണുപോയ വാക്കുകൾ പുറത്തേക്ക് വന്നു. വാത്സല്യം നിറഞ്ഞ അവരുടെ കണ്ണുകളിൽ വേദന പടർന്നു.

‘എന്റെ മക്കളേ... നിങ്ങളെ വിട്ടു അച്ഛനുമമ്മയും പോയി..‘

അമ്മായിയുടെ വാക്കുകളുടെ അർത്ഥം മനസ്സിലായില്ലെങ്കിലും അരുതാത്തതെന്തോ സംഭവിച്ചിട്ടുണ്ടെന്നെനിക്ക് മനസ്സിലായി.

വീടിനുള്ളിൽ തങ്ങിനിൽക്കുന്ന പച്ച മാംസത്തിന്റെ ഗന്ധം തിരിച്ചറിയുന്നതിന് മുൻപേ മുറ്റത്തേക്ക് കടന്നുവന്ന ആംബുലൻസിൽ നിന്നും കത്തിക്കരിഞ്ഞ രണ്ട് ശരീരങ്ങളുടെ അവശേഷിപ്പുകൾ വെള്ളത്തുണിയിൽ പൊതിഞ്ഞ് വീട്ടുമുറ്റത്തേക്കെത്തി. മുഖം പോലും തിരിച്ചറിയാൻ കഴിയാത്ത ആ തുണി കെട്ടുകളെ നോക്കി അച്ഛനും അമ്മയുമാണെന്ന് ആരൊക്കെയോ പറഞ്ഞു. അത് അവരെല്ലെന്ന് എൻറെ മനസ്സ് ഉറപ്പിച്ചു പറഞ്ഞുകൊണ്ടേയിരുന്നു.

ഇന്നലെ രാത്രി അച്ഛൻ മദ്യപിച്ചെത്തി അമ്മയോട് വഴക്കിടുമ്പോഴും തല്ലുമ്പോഴും,

’ എന്റെ മക്കൾക്ക് വേണ്ടിയാണ് ഞാൻ ജീവിക്കുന്നത്.. ഇല്ലെങ്കിൽ നിന്നെയും കൊന്ന് ഞാൻ ജയിലിൽ പോകുമായിരുന്നു..’

എന്ന് ദേഷ്യത്തോടെ പറഞ്ഞ എന്റെ അമ്മ ഒരിക്കലും ആത്മഹത്യ ചെയ്യില്ല. രാവിലെ ചോറും ചമ്മന്തിയും അവിയലും മുട്ട പൊരിച്ചതും കൂട്ടി പാത്രത്തിലാക്കിത്തന്ന് സ്കൂളിലേക്ക് പറഞ്ഞയച്ച അമ്മയുടെ രുചി മണം; ഇപ്പോഴും കയ്യിൽ നിന്ന് പോലും മാഞ്ഞുപോയിട്ടില്ല. ആ കൈവിരലുകൾ കൊണ്ട് കത്തിക്കരിഞ്ഞ എന്റെ അമ്മയെ...

അപ്പോഴേക്കും അച്ഛന്റെ ബന്ധുക്കളും അമ്മയുടെ ബന്ധുക്കളും തമ്മിൽ വഴക്കായി. രാവിലെ മദ്യത്തിന്റെ ലഹരിയിൽ വീട്ടിൽ നിന്നിറങ്ങിപ്പോയ അച്ഛൻ വീണ്ടും മദ്യപിച്ച് വീട്ടിലെത്തി. അമ്മയുമായി വഴക്കായി, കയ്യിൽ കരുതിയ പെട്രോൾ അച്ഛന്റെയും അമ്മയുടെയും ദേഹത്തെക്കൊഴിച്ചു. അച്ഛൻ കൊളുത്തിയ തീയിൽ അമ്മ പുറത്തേക്കിറങ്ങി ഓടിയെങ്കിലും ഭീമാകാരമായ അഗ്നി ജ്വാലകൾ അപ്പോഴേക്കും ജീവൻ അപഹരിച്ചിരുന്നു.!



അമ്മ അവസാനമായിറങ്ങിയ അടുക്കള വഴികളിൽ രക്തം കറപിടിച്ചു കിടന്നിരുന്നു..

‘ നശിച്ചവളെ..എവിടെയെങ്കിലും പോയിരുന്നാൽ അവിടെ ചത്തിരിക്കും.‘ ഭയപ്പെടുത്തുന്ന ഓർമ്മകളിൽ നിന്ന് അമ്മായിയുടെ ശാപവാക്കുകൾ ഞെട്ടലോടെ എന്നെയുണർത്തി. പെട്ടെന്നൊരു ദിവസം അനാഥത്വത്തിലേക്ക് തള്ളിയിട്ട് കടന്നുപോയ അച്ഛനോട് ദേഷ്യവും വെറുപ്പും തോന്നി.

അമ്മയെങ്കിലുമുണ്ടായിരുന്നുവെങ്കിൽ.. ഞങ്ങളെ സംരക്ഷിക്കുമായിരുന്നു. സ്നേഹത്തിന്റെ ഉത്തമ ഭാവങ്ങളായി നിറഞ്ഞുനിന്ന അമ്മാവനും അമ്മാവനും അവരുടെ യഥാർത്ഥ മുഖം പ്രകടിപ്പിച്ചു തുടങ്ങിയത് വളരെ വേഗത്തിലായിരുന്നു. വീട്ടിലെ സകല പണികളും ഞങ്ങളാണ് ചെയ്യുന്നത്. വേലക്കാരുടെ സ്ഥാനം പോലുമില്ലാതെ വളരെ പരിതാപകരമായ ജീവിതം. ഭക്ഷണം പോലും തരുന്നത് നൂറു കുത്തുവാക്കുകൾ പറഞ്ഞുകൊണ്ടാണ്. ഞങ്ങളുടെ വീട്ടിൽ നിന്നും കൂട്ടിക്കൊണ്ടു വരുമ്പോൾ മറ്റു ബന്ധുക്കൾ മക്കളില്ലാത്തതുകൊണ്ട് ഇവരെ സ്വന്തം മക്കളായി അമ്മായിയും അമ്മാവനും സംരക്ഷിക്കുമെന്നാണ്. പലപ്പോഴും ക്രൂരമായി പെരുമാറുന്ന ഇവരെ വിട്ട് എങ്ങോട്ടെങ്കിലുമിറങ്ങി പോകണമെന്ന് തോന്നാറുണ്ട്. പക്ഷേ,

എങ്ങോട്ട് പോകും?

’ അച്ഛൻ അമ്മയെ തീ കൊളുത്തിയപ്പോൾ ഞങ്ങളെയും ഒപ്പം കൂട്ടാമായിരുന്നില്ലേ..’

കുഞ്ഞനിയനെയും ചേർത്ത് പിടിച്ച് കരഞ്ഞു തളർന്നുറങ്ങിയ എത്രയെത്ര രാവുകൾ..

എന്റെ കണ്ണുകൾ നിറഞ്ഞൊഴുകിയത് അടക്കിപ്പിടിച്ച സങ്കടങ്ങളുടെ സമ്മർദ്ദത്തിൽ ഞാനറിഞ്ഞിരുന്നില്ല. അടുപ്പിലെ ചായ മുഴുവനും അപ്പോഴേക്കും തിളച്ചു തൂക്കികഴിഞ്ഞിരുന്നു. അതിൻെറ ഗന്ധം അടുക്കളയും കടന്ന് അമ്മായിയുടെ മുറിയിലെത്തി.!

ഒരു അലർച്ചയോടെ അവർ ഓടിയെത്തി. അവരുടെ ബലിഷ്ഠമായ കൈകൾ എന്റെ ശരീരത്തിലൂടെ പടർന്നിറങ്ങിയതുമാത്രമേ ഓർമ്മയുള്ളൂ..

പെട്ടെന്ന് വിനു അവരെ പിടിച്ചുതള്ളി മാറ്റി, സ്തംഭിച്ചു നിന്ന എന്റെ കൈയ്യിൽ ബലമായി ചേർത്തുപിടിച്ച് അടുക്കളയും ആ വലിയ വീടും പിന്നിട്ട് നിരത്തിലെ തിരക്കിലേക്കമർന്നു കഴിഞ്ഞിരുന്നു.

# ചെറിയമ്മ



**വീ**തിയിൽ ജരികയുള്ള പട്ട് സാരിയുടെ മുന്താണി എല്ലാവരും കാണത്തക്ക വിധത്തിൽ വിരിച്ചുപിടിച്ച് നിൽക്കുന്നവരുടെ ഇടയിലേക്ക് കയറിച്ചെല്ലുമ്പോൾ മീനാക്ഷി മുഖം കുനിച്ചതേയില്ല. പെണ്ണുങ്ങൾ തമ്മിലടക്കം പറഞ്ഞു ചിരിക്കുന്നു. മകളുടെ കൈ പിടിച്ച് ഒരരികിലേക്ക് ഒതുങ്ങി നിന്നു.

'ഇച്ചേയ്ക്ക് ഇതേ കിട്ടിയുള്ളൂ ഉടുക്കാൻ. ഇന്നെങ്കിലും ഇത്തിരി മെനയായിട്ട് വന്നൂടെ.'

അരികിലൂടെ കടന്നുപോകുമ്പോൾ രാഗിണി അടക്കം പറഞ്ഞു. അറിയാതെ കണ്ണ് നിറഞ്ഞു . ആകാശനീലിമയിൽ മുത്തും കല്ലുകളും ചേർത്ത് എംബ്രോയിഡറി വർക്ക് ചെയ്ത ജോർജറ്റ് സാരിയിൽ അവൾ തിളങ്ങി . ഒപ്പം ശരീരത്തിലെ ആഭരണങ്ങളും. അല്ലെങ്കിലും അവൾക്ക് എന്താണ് കുറവ്. ഭർത്താവിന്റെ സഹോദരി. റവന്യൂ വകുപ്പിൽ ലക്ഷങ്ങൾ ശമ്പളം വാങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥന്റെ ഭാര്യയെ പോലെയാണോ താൻ. ഒരു സ്വകാര്യ സ്ഥാപനത്തിലെ ഗുമസ്തന്റെ ഭാര്യയ്ക്ക് ഇതിൽ കൂടുതൽ ആഗ്രഹങ്ങൾ ഒന്നുമില്ല. കല്യാണത്തിനുടുക്കാൻ പുതിയത് ഒന്നും ഇല്ലല്ലോന്ന് പറഞ്ഞു ഭർത്താവാണ് ഈ സാരി വാങ്ങി കൊണ്ടുവന്നു തന്നത് . ഭാഗ്യത്തിന് ചേരുന്ന ബ്ലൗസ് കിട്ടി. പഴക്കമുള്ളതെങ്കിലും അധികം ഉടുക്കാത്തതിനാൽ പുതുമ മാറാത്ത പട്ടുസാരി വെട്ടി തയ്ച്ച പാവാടയും ഉടുപ്പും ഇട്ട് മകൾ സുന്ദരിയായി മീനാക്ഷിയോടൊപ്പം നിന്നു. ചെറിയമ്മയുടെ മകന്റെ വിവാഹം. എല്ലാവർക്കും വസ്ത്രങ്ങളെടുക്കാൻ എണ്ണിച്ചുട്ട അപ്പം പോലെ ശമ്പളം കിട്ടുന്നവർ എന്തുചെയ്യാൻ. അവൾ കാഴ്ചകളിലേക്ക് മനസ്സ് പറിച്ചു നട്ടു .

ചെറിയമ്മ കടന്നു വന്നതോടെ മുറിയിലാകെ പരിമളം നിറഞ്ഞു. വധുവിനെ സ്വീകരിക്കാനുള്ള നറുക്കിൽ പെടില്ലയെന്ന് അവൾക്ക് ഉറപ്പായിരുന്നു . അതെന്തായാലും നന്നായി. മകൾ തനിച്ചായി പോകില്ലല്ലോ .

'ചെറിയമ്മാമ്മ എന്തിനാ വന്നത് അമ്മേ , ഏറെ നേരമായല്ലോ അച്ഛന്റെ അടുത്തു നിന്ന് കരച്ചില്?' അടുക്കള ജനലിനരികിൽ നിന്ന് എത്തിക്കുത്തി നോക്കി മകൾ പറഞ്ഞപ്പോൾ അവൾ ഓർമ്മകളിൽ നിന്നും തിരികെ വന്നു . എണ്ണ നന്നായി ചൂടായിരിക്കുന്നു . കടുകും ഉലുവയും കറിവേപ്പിലയും രണ്ടായി പൊട്ടിച്ച ഉണക്കമുളകും ചൂടായ എണ്ണയിലേക്കിട്ട് കോരിയെടുത്ത് മാമ്പഴ പുളിശ്ശേരിയിലേക്ക് ചേർത്തിളക്കുമ്പോൾ അവൾ മകളോട് പറഞ്ഞു.



ദർശന

'ചെറിയമ്മാമ്യോട് കഞ്ഞി കുടിക്കാൻ വരാൻ പറയ്'. കാബേജ് തോരനും കടലക്കറിയും പാത്രങ്ങളിലേക്ക് പകർത്തി അവൾ ഊണുമേശമേൽ വച്ചു. ഇനിയെന്തെല്ലാം പണികളാണ് . ഒരു ദിവസം അവധി കിട്ടിയാൽ ഒന്നിനും നേരം തികയില്ല. ചെടികൾക്ക് നനയ്ക്കണം. തുണികൾ കഴുകണം. എല്ലായിടത്തും അടിച്ചു തുടയ്ക്കണം.

എന്തൊരു ചൂടാണ്.

ഒരു ദിവസം നനച്ചില്ലെങ്കിൽ ചെടികളാകെ വാടിക്കരിയും.

'അമ്മാമ കഴിക്കണില്ലത്രേ ആരെയോ കാണാൻ പോണം ന്ന്'.

ചെറിയമ്മ അടുക്കളയിൽ കയറാതെ മുറ്റത്ത് കൂടെ തന്നെ കടന്നുപോയി.



'ജീവിക്കണം ന്ന് തന്നില്ല്യാണ്ടായി കുട്ട്യേ. ഇയ്ക്കൊന്നും വേണ്ട. ഇങ്ങനെ തന്ന്യങ്ങട് ചത്താ മതിയായിരുന്നു'.

നടത്തത്തിനിടയിൽ ചിതറി വീണ വാക്കുകൾ അവളെ പൊള്ളിച്ചു.

'അവൻ വീണ്ടും പ്രശ്നംണ്ടാക്ക്യോ?'

' അവന് തലയ്ക്ക് സുഖല്യായ കൂടിന്നാ തോന്നണേ. ആര് പറഞ്ഞാലും കാര്യല്യ. അടുത്ത് തന്നെ നാട്ടുകാരുടെ കയ്യീന്ന് കിട്ടും. '

പൊട്ടിച്ചെടുത്ത വെണ്ടക്കായകൾ ഫ്രിഡ്ജിലേക്ക് വയ്ക്കുന്നതിനിടെ അജിതൻ പറഞ്ഞു .

'കേസ് കൊടുക്കാൻ പോവാണ്ത്രേ ചെറിയമ്മ ന്നു കേട്ടു '

മീനാക്ഷിയുടെ

സ്വരം താണു.

'ആ ,ഞാൻ തന്ന്യാ പറഞ്ഞത് കേസ് കൊടുക്കാൻ വീട്ടുകാര് പറഞ്ഞിട്ട് കേൾക്കണില്യാ ന്ന് ച്ചാ ഇനി പോലീസുകാരു പറയട്ടെ. ചെറിയമ്മയ്ക്ക്പ്പോ തറവാട്ടുപറമ്പില് മുറി ഒരെണ്ണം തട്ടിക്കൂട്ടി താമസിക്കണം . ആ വീട്ടിലും നിൽക്കാൻ പറ്റാണ്ടായിന്ന് . അവന്റെ ഭാര്യയാച്ചാ ഒരക്ഷരം മിണ്ടില്യാ . എല്ലാത്തിനും കൂടെയുണ്ടായിരുന്നതാ രാജൻ . അവനിപ്പോ പറയുന്നത് നിങ്ങളായി നിങ്ങളുടെ പാടായി ന്ന്. അവനു മടുത്തു . സൈക്കോളജിസ്റ്റിനെ കാണിക്കാം ന്ന് വെച്ചാ അവന്റെ ഭാര്യ സമ്മതിക്കേണ്ടേ . ഭാര്യക്കും മക്കൾക്കും അവനെക്കൊണ്ട് കുഴപ്പല്യാ . അമ്മയ്ക്ക് മാത്രാ ഇടങ്ങേറ് . ഇവിടെ വന്ന് നിന്നോന്നു ഞാനും പറഞ്ഞു. ഒരാൾക്ക് കൂടി കഞ്ഞി വയ്ക്കണം. അത്രയല്ലേ ള്ളൂ. സുമിത്രയും അത് തന്നെയാ പറഞ്ഞത്. അപ്പോ അഭിമാനക്ഷതം. എത്ര കാലം നോക്കും ന്നാ അവളോട് ചോദിച്ചെ. വേണുഗോപാലന് ഇതിലെടപെടാം . പക്ഷേ പറയില്ല . എന്താ ചെയ്യാ'.

അജിതൻ കഞ്ഞികുടിക്കാനി രുന്നപ്പോൾ മീനാക്ഷി ചെടികൾക്കരികിലേക്ക് നീങ്ങി. എന്തൊരു വെയിലാണ് ആകെ വാട്ടം പോലെ . എത്ര കഷ്ടപ്പെട്ടാണ് ഇത്രയും വലുതായത്. ഈ വെയിൽ എല്ലാം കരിച്ചു കളയും എന്നാണ് തോന്നുന്നത്.

വർഷങ്ങൾക്കു മുമ്പ് ചെറിയമ്മയെ കാണാൻ അമ്മയോടൊപ്പം പോയത് അവൾ ഓർത്തു . കോളേജിൽ ചേരാൻ ഫീസ് അടയ്ക്കാൻ പണം തികയാതെ വന്നപ്പോൾ കടം ചോദിക്കാനാണ് പോയത്. അവർ നഗരത്തിലേക്ക് താമസം മാറിയതിനു ശേഷം ആദ്യമായാണ് അവിടേക്ക് പോകുന്നത്. വലിയ ഒരു ഇരുനില വീട് . ഗേറ്റിനു മുന്നിൽ പാറാവുകാരൻ . ഒരു നിമിഷം ശങ്കിച്ചുനിന്നു .

'ആരാ ? എവിടുന്നാ' 'ശാരദയെ ഒന്ന് കാണാനാ'. . 'കൊച്ചമ്മയെയോ? നിങ്ങളാരാ ?'

അമ്മ ഒരു നിമിഷം സംശയിച്ചു എന്നിട്ട് പതിയെ പറഞ്ഞു. 'ബന്ധുക്കളാണ്'. അയാൾ അമർത്തി മൂളി . 'ഇവിടെ നിക്ക് . ചോദിച്ചിട്ട് വരാം'. അല്പസമയത്തിനുശേഷം അയാൾ മടങ്ങിവന്നു. 'അകത്തേക്ക് ചെല്ല്'.

'ബന്ധുക്കൾ ന്ന് പറഞ്ഞ് കുറേയെണ്ണം കയറി ഇറങ്ങി നടന്നോളും. എന്തെങ്കിലും നക്കാപ്പിച്ച മേടിക്കാനാവും'.

അയാൾ നീട്ടിത്തുപ്പി. തുപ്പൽ ഏറ്റെന്നോണം അമ്മയുടെ മുഖം വിളറി വെളുത്തു . മീനാക്ഷിയുടെ കയ്യിൽ അമർത്തിപ്പിടിക്കുമ്പോൾ ആ കണ്ണിൽ ഈറൻ തുളുമ്പിയിരുന്നു .

'നീ വിചാരിക്കുംപോലൊന്നല്ല രാധാമണി കാര്യങ്ങള്. ഇവിടെ എവിടുന്നാ കാശ്? കാണണോരുടെ വിചാരം കാശ് കുലുക്കി ങ്ങനെ ഇട്ക്കാന്നാ. '

ചെറിയമ്മ ഉറക്കെ ചിരിച്ചു. രാധാമണിയുടെ നെഞ്ചിൽ മുള്ളുകൊണ്ട് കീറി.

'വടക്കേപ്പ്രത്തു ചെന്ന് കഞ്ഞി കുടിച്ചിട്ട് പോയാ മതി ട്ടാ.'

തിരിച്ചുനടക്കുന്നേരം ചെറിയമ്മ വിളിച്ചു പറഞ്ഞു.

'ഇനിയിപ്പോ ആരുടെട്ത്താ ചോദിക്ക്യാ ഞാൻ ഒരു വഴിയും കാണണില്ലെന്റെ കുട്ട്യേ'.

അമ്മ മുറുകെ പിടിച്ചപ്പോൾ കയ്യിൽ വിയർപ്പൊട്ടി . പൊള്ളുന്ന വെയിൽ അവരെ മൂടി. 'സാരമില്ലമ്മേ ഞാൻ ടൈപ്പ് റൈറ്റിംഗ് പഠിക്കാൻ പൊക്കോളാം.. അതാവുമ്പോ വീടിന്റെ അടുത്ത് തന്നിണ്ടല്ലോ. കോളേജില് പഠിത്തൊക്കെ പിന്ന്യാവാം '

'എന്നാലും എന്റെ കുട്ടി നന്നായി പഠിച്ചിട്ടും കോളേജില് ചേരാൻ പറ്റണില്ലന്ന് വെച്ചാ...'

അമ്മ പിന്നിത്തുടങ്ങിയ സാരിത്തലപ്പു കൊണ്ട് കണ്ണ് തുടച്ചു .

'ചേച്ചീ ഒന്ന് നിക്ക്'.

ആരോ ഓടി വരുന്നു . ഒരു പെൺകുട്ടി. ആരാന്ന് ഓർമ്മ വരുന്നില്ലല്ലോ .

' ചേച്ച്യേ അമ്മ പറഞ്ഞു നിങ്ങളോട് അത്രത്തോളം ഒന്ന് വരാൻ'. അമ്പരപ്പോടെ പെൺകുട്ടിയെ പിന്തുടരുമ്പോൾ അമ്മ മീനാക്ഷിയെ നോക്കി. തൊട്ടടുത്തുള്ള വലിയ വീട്ടിലേക്ക് കയറുമ്പോൾ രാധാമണി അമ്പരന്നു. മേടത്തെ ജാനകി . ഒരു മാറ്റവുമില്ല . മുറ്റത്ത് നിൽക്കുന്നു. തിടുക്കത്തിൽ നടന്നവന്ന് അവർ രാധാമണിയെ ചേർത്തുപിടിച്ചു .

'എത്ര നാളായി നിന്നെ കണ്ടിട്ട് ശാരദേച്ചീന്നെ കാണാൻ വന്നതാ.'

അമ്മ തലയാട്ടി.

'എന്താ വിശേഷം ? ഇത് മീനാക്ഷി കുട്ടിയല്ലേ? പൂരത്തിന് ഒരിക്കൽ നാട്ടിൽ വന്നപ്പോൾ കണ്ടതാ. വലിയ പെണ്ണായിലോ. ഇവളിപ്പോ എന്താ ചെയ്യണേ? '

'കോളേജില് ചേരണം ന്ന് വെച്ചിട്ട് ഇരിക്ക്യാ' . മീനാക്ഷിയുടെ കൂർത്ത നോട്ടത്തിനു മുമ്പിൽ രാധാമണിയുടെ സ്വരം പതറി. ഒരുമാത്ര ആ പതർച്ച ജാനകിയുടെ കണ്ണിൽ പെട്ടോ ഓർമ്മയില്ല.

'ഊണു കാലായി കഴിച്ചിട്ട് പോയാൽ മതി . രാധാമണി ഇങ്ങട് വന്നേ എന്തോരം കാര്യങ്ങളാ ചോദിക്കാനുള്ളത് '.

ഇരുവരും അടുക്കളയിലേക്ക് നടന്നു. തിരികെ മടങ്ങുമ്പോൾ ജാനകി ഏൽപ്പിച്ച പൊതിയിൽ മീനാക്ഷിയുടെ ഭാവി തെളിഞ്ഞു . എങ്ങനെയാ കോളേജിൽ ചേർന്നതെന്ന് പിന്നീട് കണ്ടപ്പോൾ ഒരിക്കൽപോലും ചെറിയമ്മ അന്വേഷിച്ചതുമില്ല. ആ ചെറിയമ്മയാണ് ഇപ്പോഴിങ്ങനെ ആശ്രയമില്ലാതെ അലഞ്ഞുനടക്കുന്നത്. അവൾ ദീർഘമായി നിശ്വസിച്ചു കൊണ്ട് പച്ചക്കറി തൈകൾക്കിടയിൽ വളർന്നുവന്ന പുല്ലുകൾ പറിച്ചുനീക്കാൻ തുടങ്ങി.

തിളച്ചുരുകുന്ന രാപ്പകലുകൾ ഒരാഴ്ചയെ പുറകിലേക്ക് തള്ളിനീക്കി. ഒരിക്കൽ കൂടി ചെറിയമ്മ വന്നു. കുഴിഞ്ഞ കണ്ണുകളിൽ ഈറൻ മുറ്റിനിന്നു. കരിഞ്ഞുണങ്ങിയ കോലം. ചെറിയമ്മ അവൾ കൊടുത്ത ചൂടുള്ള കഞ്ഞി പതിയെ കുടിച്ചു. യാത്ര പറയുമ്പോൾ മീനാക്ഷി മടിച്ചു മടിച്ചു ചോദിച്ചു. 'കാശ് വല്ലതും വേണോ. '

' വേണ്ട മോളെ . പെൻഷൻ കാശുണ്ട് ഇന്യെന്തിനാ കാശൊക്കെ. . നിറം മങ്ങിയ മുണ്ടിന്റെ കോന്തലയാൽ മുഖം തുടച്ച് അവർ പതിയെ ഇറങ്ങിപ്പോകുന്നത് അവൾ വേദനയോടെ നോക്കി നിന്നു.

'മീമ്പോ നീയെന്തെടുക്കാ'.

'എന്തിനാ ഒച്ച വെക്കണേ? ഞാൻ ഇവിടിണ്ട്'.

' ഇത്തിരി വെള്ളം എടുത്തേ . വല്ലാത്ത ചൂട്'.

'എവിടെയായിരുന്നു ഉച്ചയ്ക്ക് ന്താ ഉണ്ണാൻ വരാഞ്ഞേ?'

' അറിഞ്ഞില്ലേ . നിന്റെ ചെറിയമ്മ പോയി. '

അവൾ ആന്തലോടെ അയാളെ നോക്കി.

'തെക്കേപാട്ടുകാര്ടെ കൊളത്തിലാ . കാല് വഴുതി വീണതാന്നാ നാട്ടുകാരുടെ പറച്ചില്. അതിന്റരികിൽ കൂടി പോണ്ടാന്ന് പറഞ്ഞിട്ടുണ്ടായിരുന്നത്രെ. വേനലാണെങ്കിലും കുളത്തിലെ വെള്ളത്തിന് കുറവില്ല.

അതിന്റെ പിന്നാലെയുള്ള ഓട്ടമായിരുന്നു. ഫോൺ ആണെങ്കി ചാർജും കഴിഞ്ഞു . അല്ലെങ്കിലും ഉപകാരത്തിന് ഒന്നും ഉണ്ടാവില്ല . '

അയാൾ തിളയ്ക്കുന്ന വെയിലിലേക്ക് നോക്കി. അവളും . വെയിൽ ചൂടിൽ ഒഴുകിയിറങ്ങിയ വിയർപ്പ് തുള്ളികൾക്കിടയിൽ കണ്ണീർകണങ്ങൾ ഒളിച്ചുനിന്നു.

●

കഥ

# ഭ്രാന്തിന്റെ പ്രണയം



ശ്രീശുഭ

**അ**യാൾ എന്നെ നോക്കി പുഞ്ചിരിച്ചു . അയാളുടെ നിഷ്കളങ്കമായ വിടർന്ന കണ്ണുകളിലെ തിളക്കവും ഹൃദയം തുറന്ന ചിരിയും എന്നെ വല്ലാതെ ആകർഷിച്ചു ഞങ്ങൾ ഒരു മനോരോഗാശുപത്രിയുടെ കാത്തിരിപ്പിടങ്ങളി ലാളാണെന്നു ഇരുവരും മറന്നു .എൻറെ എതിർവശത്തെ കസേരയിലായിരിന്നു അയാളുടെ ഇരുപ്പ് ഇടതു കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു .അത് മറയ്ക്കാനെന്നോണം ഒരു പിടി ടിഷ്യു പേപ്പർ മുറുകെ പിടിച്ചിരുന്നു .ഇടക്കിടയ്ക്കു ഫുട്ബോൾ മൈതാനത്തു ഗോളടിക്കാൻ പറ്റാതെ പോയ ഒരു കളിക്കാരന്റെ നിരാശ പോലെ മുട്ടുകൾ മടക്കി രണ്ടു കൈയും ചേർത്ത ഉയർത്തുകയും താഴ്ത്തുകയും ചെയ്തു.അയാളോടൊപ്പം അച്ഛനെന്നു തോന്നിക്കുന്ന കൃശഗാത്രനായ ഒരാൾ ആയിരുന്നു ഉണ്ടായിരുന്നത് .എന്റെ മുഖത്തേക്ക് ഇടക്കിടക്ക് ഇടം കണ്ണിട്ട് നോക്കി അയാൾ അച്ഛനെന്നു തോന്നിക്കുന്ന മനുഷ്യനോട് ഓരോന്ന് ചോദിച്ചും പറഞ്ഞും കൊണ്ടിരുന്നു



ഞാൻ അയാളെ തന്നെ നോക്കി ഇരുന്നു. ഞങ്ങൾ പോലും അറിയാതെ ഞങ്ങൾക്കിടയിലേക്ക് ഒരു നനുത്ത പ്രണയം കടന്നു വന്നു.ഞങ്ങൾക്ക് കാത്തിരിപ്പിന്റെ മുഷിച്ചിലുകൾ ഇല്ലാതായി.ഇതൊന്നുമറിയാതെ എന്റെ ഭർത്താവ് മൊബൈൽ ഫോണിൽ വിരലുകൾ ഓടിച്ചുകൊണ്ടിരുന്നു .എന്റെ ഇരുപതുകളിൽ പോലും എന്നിൽ ഉണ്ടാക്കാത്ത ഒരു ആഹ്ളാദത്തിന്റെ കടൽ ഈ അൻപതുകളിൽ എന്നെ തലോടുന്നത് ഞാൻ അറിഞ്ഞു ഓർമക്കുറവ് തുടരെ തുടരെ അലട്ടിയിരുന്ന എന്നെ അതുണ്ടോയെന്നു ഉറപ്പാക്കാനാണ് അവിടെ എത്തിയതെങ്കിലും ഇപ്പോൾ ഞാൻ ഒരു കൗമാരക്കാരിയായ് മാറിയിരിക്കുന്നു.ഇതിനിടയിൽ എൻറെ മറവിയും അയാളുടെ മനോരോഗവും അലിഞ്ഞ് ഇല്ലാതെയായിരിക്കുന്നു.എന്നാൽ ആ കുളിരു അധിക നേരം നിലനിന്നില്ല. ഒരു നേഴ്സ് അച്ഛനെപ്പോലെ തോന്നിച്ച മനുഷ്യനോട് സംസാരിക്കുകയും അവരെ വിളിച്ചു പുറത്തേക്കു പോകുകയും ചെയ്തു.

കുറച്ചു നേരം വെറുതെ അവരെ കാത്തിരുന്ന എന്നിൽ നിരാശ പടർന്നു.ഞാൻ എന്റെ ഭർത്താവിന്റെ തോളിൽ തൊട്ടു അപ്പോഴും അദ്ദേഹം മൊബൈലിൽ നോക്കി കൊണ്ടിരിക്കുകയായിരുന്നു .ഞാൻ അദ്ദേഹത്തിനോട് എതിരെ ഇരുന്ന ഭ്രാന്തന് എന്നെ ഇഷ്ടപെട്ടെന്നു പറഞ്ഞു.ഭർത്താവു ചിരിച്ചു. നമ്മൾ ഇന്ന് ഒരേ നിറമുള്ള വസ്ത്രമാണ് അല്ലോ എന്ന് പറഞ്ഞു കൊണ്ട് എന്നെ ചേർത്ത പിടിച്ചു ഒരു സെൽഫി എടുത്തു ആ കരുതലോടെയുള്ള സ്പർശം എന്നിലേക്ക് വന്ന ആ ഭ്രാന്തൻ പ്രണയത്തെയും കൊണ്ട് മറവിയുടെ താഴ് വര യിലേക്ക് മറഞ്ഞു . ജീവിതം നൈമിഷിക വികാരങ്ങളുടെ ഒരു ഭണ്ഡാരം മാത്രമാണ് എന്ന് ഞാൻ ഇപ്പോൾ തിരിച്ചറിയുന്നു

കഥ

# അന്തരംഗം

അപ്സന സുൽഫിക്കർ



'ചാമി.....
ഞാൻ ഇന്നലെ ഒരു സ്വപ്നം കണ്ടു.'

' എന്താണത് കാളി '

' മനോഹരമായ ഒരു പുൽത്തകിടി,
അരികെ ഒരു തടാകം.
വളരെ ശാന്തമായ അന്തരീക്ഷം.
തെളിഞ്ഞ ആകാശം.
ആ പുൽത്തകിളിയിലൂടെ നടന്നപ്പോൾ പല വർണ്ണങ്ങളിലുള്ള അനേകായിരം പൂമ്പാറ്റകൾ ഒരുമിച്ച് പാറിവരുന്നു.

ആയിരമോ പതിനായിരമോ അല്ല ലക്ഷക്കണക്കിന് ശലഭങ്ങൾ.
എന്തെന്ത് വർണ്ണങ്ങൾ ആയിരുന്നു അതിനൊക്കെയും.
അവ വന്നേന്നെ പൊതിഞ്ഞിരുന്നു.
അവയുടെ ചിറകുകൾ എന്റെ കവിളിലും കണ്ണുകളിലും തലോടി മറഞ്ഞുകൊണ്ടിരിന്നു

സ്വപ്നത്തിൽ ആണെങ്കിലും ആ സമയം ഞാൻ വല്ലാത്തൊരു സന്തോഷത്തിലായി കണ്ടാലും കണ്ടാലും മതിവരാത്തൊരു കാഴ്ചയായിരുന്നത്.'

'എന്നിട്ടോ....'

' എന്നിട്ടോ,
എന്നിട്ട് ഞാൻ പെട്ടെന്ന് വേറൊരു സ്ഥലത്ത് എത്തപ്പെട്ടു.
ആകെ നാശമായ, ചീത്ത വെള്ളവും ചെളിയും നിറഞ്ഞൊരു സ്ഥലം.
അവിടെ ഞാനും എന്റെ പ്രിയപ്പെട്ടവനും ആരുടെയോ മുൻപിൽ.....
അത്രമേൽ പ്രണയാർദ്രമായി ഞാൻ അവന്റെ കൈകൾ ചേർത്തുപിടിച്ചിട്ടുണ്ടായിരുന്നു.

അപ്പോൾ അവിടെയുണ്ടായിരുന്ന മനുഷ്യൻ എന്നോട് പറഞ്ഞു 'ഇവൻ നിന്നെ ചതിക്കുകയാണെന്ന്'
അപ്പോഴാണ് എനിക്ക് മനസ്സിലായത് അവൻ എന്നെ വഞ്ചിക്കുകയാണ് എനിക്കറിയാവുന്നതല്ലേ,എന്നിട്ടും എനിക്കെന്തോ അവനെ വിട്ടു പോകാനോ വിട്ടു കളയാനോ കഴിയുന്നുണ്ടായിരുന്നില്ലല്ലോ .

അവിടെയുണ്ടായിരുന്ന മനുഷ്യൻ പറയുന്ന വാക്കുകൾ കേട്ടപ്പോൾ ഞാൻ അവന്റെ കൈകൾ ഒന്നുകൂടി മുറുകെപ്പിടിച്ചു.
അവൻ എന്റെ കൈവിട്ട് ഒരിക്കലും അകലേക്ക് പോകാതിരിക്കാനെന്നവണ്ണം......'

' കാളി, നീ എന്തൊക്കെയാണ് ഈ പറയുന്നത്.നിനക്ക് പ്രിയപ്പെട്ടവനോ അതാരാണ് '

' അറിയില്ല ചാമി.
പക്ഷേ അവിടെ അങ്ങനെ ഒരാൾ ഉണ്ടായിരുന്നു എനിക്ക് ഏറ്റവും പ്രിയപ്പെട്ടൊരാൾ.... '

' നിനക്ക് വട്ടാണ് '.

' നിനക്ക് പ്രണയം എന്തെന്നറിയാമോ'.

‘ പ്രണയമോ അതെന്താണ്? എനിക്ക് വിശപ്പ് മാത്രമേ അറിയാവൂ ‘

‘ വിശപ്പ്.....
അതെ അതൊരുതരം വിശപ്പ് തന്നെയാണ്.സ്നേഹത്തിനോടുള്ള, അത് കിട്ടാതെ ആകുമ്പോഴുള്ള വിശപ്പ്. ‘

‘ നീ എന്തൊക്കെയാണ് ഈ പറയുന്നത്? എനിക്കൊന്നും മനസ്സിലാവുന്നില്ല.
നീ പഠിച്ചവളെ പോലെ സംസാരിക്കുന്നു. ‘

‘ അതെ ഞാൻ വായിച്ചു.
അപ്പൻ നാട്ടിൽ നിന്നും സാധനങ്ങൾ പൊതിഞ്ഞു കൊണ്ടുവരുന്ന പേപ്പറുകളെല്ലാം ഞാൻ വായിച്ചു .
അക്ഷരങ്ങൾ പിറക്കിയെടുത്തു ഞാൻ വായിച്ചു.
പിന്നെയും വായിക്കാൻ കൊതിയായി, ഒരുതരം ആർത്തിയായി.
അപ്പനോട് പറഞ്ഞു ഒരുപാട് പേപ്പറുകൾ നാട്ടിൽ നിന്നും കൊണ്ടുവരുത്തിച്ചു.
എല്ലാം വായിച്ചു.

അതേ ചാമി,എനിക്ക് പ്രണയമുണ്ട്. എന്റെ മനസ്സിൽ പ്രണയമുണ്ട്.ആരാലെങ്കിലും പ്രണയിക്കപ്പെടാൻ ഞാനും ആഗ്രഹിക്കുന്നുണ്ട്. ‘

‘എന്താണ് കാളി പ്രണയം.‘

‘ പ്രണയം.....പ്രണയം......
അതിനു നിർവചനങ്ങൾ ഉണ്ടോ.
നിനക്ക് ഒരാളോട് തോന്നുന്ന അടങ്ങാത്ത സ്നേഹം.അതാ ആളിന്റെ ശരീരത്തിനോടും മനസ്സിനോടും ഒരുപോലെ തോന്നുന്നത്.
അവരെ സ്വന്തമാക്കാവുന്നതും ജീവിതകാലം മുഴുവൻ ഒരുമിച്ച് ജീവിക്കുന്നതും സ്വപ്നം കാണുന്ന ആഗ്രഹം.
അതല്ലേ പ്രണയം....
അതാണോ പ്രണയം.... ‘

‘ ജീവിതകാലം മുഴുവൻ ഒരാണിന്റെ തുണ വേണമെന്ന് അപ്പൻ എപ്പോഴും പറയും.
അപ്പൻ കണ്ടുപിടിക്കുന്ന ഒരാളിന്റെ മുമ്പിൽ മൂപ്പന്റെയും കാട്ടുമുത്തപ്പന്റെയും മുമ്പിൽവെച്ച് കഴുത്ത് നീട്ടി കൊടുക്കുക.
പിന്നീട് അവനോടൊത്ത് ഒരു ജീവിതം അവന്റെ കുഞ്ഞുങ്ങളെയും പ്രസവിച്ച്,അവനെയും അവന്റെ വീട്ടുകാരെയും കുഞ്ഞുങ്ങളെയും കാര്യങ്ങൾ ഒരു കുറവും കൂടാതെ നോക്കി, അവൻ പറയുന്നത് അനുസരിച്ച് അവന്റെ ആഗ്രഹത്തിന് ജീവിതകാലം മുഴുവൻ ജീവിക്കുക. ഇതിനെ അപ്പൻ പ്രണയം എന്നല്ലല്ലോ കാളി പറയുന്നത്. അത് മാംഗല്യം അല്ലേ ‘.

‘ അതെ ചാമി പ്രണയത്തിന് ചിലർ അങ്ങനെ ചില നിർവചനങ്ങൾ കൊടുത്തുപോയി‘.

‘ നീ പറയുന്നത് ഒന്നും എനിക്ക് മനസ്സിലാകുന്നില്ല. ‘

‘ അതെ ഞാൻ പറയുന്നത് ആർക്കും ഒരിക്കലും മനസ്സിലാകുന്നില്ല അതെന്താണ്. ‘

‘ അല്ല ആ പ്രിയപ്പെട്ടവൻ......
അവൻ നിന്നെ എങ്ങനെയാണ് ചതിച്ചത്‘.

‘ ചതി വഞ്ചന അത് പ്രണയത്തിൽ ആകുമ്പോൾ എങ്ങനെയാണ്......
എന്നെ മാത്രം സ്നേഹിക്കാനും ചിന്തിക്കാനും ഞാൻ ആഗ്രഹിക്കപ്പെടുന്നവൻ ഞാനല്ലാതെ ആരെയോ എന്തിനോ വേണ്ടി സ്നേഹിക്കുന്നതാണോ, അല്ലെങ്കിൽ സ്നേഹം അഭിനയിക്കുന്നത്......
അതാണോ വഞ്ചന, എനിക്കറിയില്ലചാമീ..... ‘

‘ മതി നിന്റെ വർത്തമാനം.
വാ ഈ വിറകുകൾ കൊണ്ടുപോയി അപ്പനു കൊടുക്കണം.ഇത് കൊണ്ടുപോയി നാട്ടിൽ വിറ്റിട്ട് വേണം നമ്മുടെ രണ്ടു വീടുകളിലെയും വിശപ്പു മാറ്റാൻ.. ‘
-------
എന്നാലും എന്താണ് ആ ചതി എന്താണാ വഞ്ചന......
എന്തിനാണ് ഞാൻ എന്നിട്ടും അവനെ എന്റെ കൈക്കുള്ളിൽ തന്നെ പിടിച്ചുവെച്ചിരുന്നത്........

●



# സ്വകാര്യം



ദീപ ദിനേശ്

നീന്തിക്കയറാമെന്നു കരുതവേയാണ് നിനച്ചിരിയ്ക്കാതെ
നിന്റെനൗകയിൽ
 അലസമായി കരപറ്റിയത്

ഉപ്പ് രുചിച്ചവൻ കുതിർന്ന ഹൃദയത്തിന്റെ മിടിപ്പറിഞ്ഞില്ലയെങ്കിലും
നനവുണക്കാൻ മറന്നചേലകൾ
പരിഭവത്തോടെ വീണ്ടുമെന്നിൽ പടർന്നുകയറി..

പിന്നീട് കടലിനെ അറിഞ്ഞതേയില്ല..
മീനുകൾ ചുംബിച്ച പുറംകഴുത്തിലെ പ്പാടുകൾ ഉണങ്ങവെ
 മനസ്സിൽ തിരകളുടെ തിരക്കൊഴിഞ്ഞു..

ഇന്ന് വീണ്ടുമൊന്നു
കാൽനനച്ചപ്പോൾ
മണൽ തെറിപ്പിച്ചു തിരിഞ്ഞുപോയി കടൽ

എന്നിൽ ആളൊഴിയുന്ന
 നേരമാണിപ്പോൾ..
സ്വയമടർന്നുപോയ സ്വകാര്യമേ..
നിന്റെ കുടിയേറ്റത്തിന്റെ
കടും നിറങ്ങളെ
ഞാനെങ്ങനെ മായ്ച്ചു കളയണം??

# പൂങ്കാവനം

കവിത



മഞ്ഞപ്പൂമരചോട്ടിൽ,
ആ നിരത്തിന്റെ നാലാമത്തെ
വളവിലാണ് അവളെന്നും നിന്നിരുന്നത്.
ഉണങ്ങിയ തുളസിയില പോൽ
മുടിയിഴകൾ, കരിഞ്ഞ മുല്ലപ്പൂനിറ മുഖം
വിടർന്ന മുക്കുറ്റി പോലതിലൊരു മൂക്കുത്തികല്ല്.
വെള്ളിവെയിലിലും
വാടാത്ത കൃഷ്ണകിരീടം
പോലെയൊരുവൾ.

'പൂങ്കാവനം.. ഇന്നത്തെയൊന്ന്..'
പൂങ്കാവനമെന്നവിളിയിൽ
അവൾ ചിരിച്ചു.
വെള്ളമന്ദാരം വിരിഞ്ഞ പോലെ.
 അവൾ ഒരു കെട്ട് നീട്ടി,
ഭാഗ്യദേവതയേതിലെന്ന്
അവൾക്കറിയില്ലെന്ന്..



**മനീഷ**

മഴയിലും വെയിലിലും
ചൂടിയ കുടയ്ക്കടിയിൽ
മല്ലിപ്പൂ ചൂടിയ മുടിയോടെ
കുസൃതി ചിരിയോടെ..
നറുക്കുകളുമായവൾ.
പതിവു നടത്തം പോലെ
പതിവായി അയാൾക്ക്,
പൂങ്കാവനത്തിന്റെ നറുക്ക് ഒന്ന്..
ആ നിരത്തിൽ കാല് വെന്തതും,
കൈ മുറിഞ്ഞതും,
കുപ്പിവളയിട്ട സുന്ദരിയും,
വടിയേന്തിയ മുത്തിയുമായി
ഭാഗ്യം വിൽക്കുന്ന
മനുഷ്യരെത്രയോയുണ്ടായിട്ടും,
പൂങ്കാവനത്തിന്റെ നറുക്കിൽ ഭാഗ്യം
കനിയാഞ്ഞിട്ടും!

അയാളെ അവളെന്ത് പേരിട്ടാണ്
മനസിൽ വരച്ചിട്ടിരിക്കുന്നതെന്നു
പോലുമറിയില്ലയെങ്കിലും.
മുത്തുകൾക്കിടയിലെ
വെറും കരിങ്കല്ലെന്ന് പലരോതിയിട്ടും
അതൊരു മാണിക്യമെന്ന് മനസ്.

അയാൾ ആരെന്നും, ഊരേതെന്നും
അറിയില്ല. നാളെ വരുമോയെന്നും!
എങ്കിലും,
മഴയിലും, മഞ്ഞിലും
ദിനാരംഭം അയാളിൽ നിന്നാണവൾക്ക്..
ഇതുവരെ തീണ്ടാത്ത വസന്തം
തലോടിയോ. അറിയാതെ മനസിൽ
പ്രണയപൂങ്കാവനം പൂക്കുന്നുവോ അവൾക്കും
പൂങ്കാവനമെന്ന അയാളുടെ വിളിയിൽ..

പ്രണയവസന്തം പൂക്കുന്നുണ്ടോ..
അവൾ മൗനംകൊണ്ട് തിരഞ്ഞു..
ഉത്തരം കിട്ടാതെ പിടഞ്ഞു

അന്ന്, ആ ചാറ്റൽ മഴയത്തിറങ്ങുമ്പോൾ
മുഷിഞ്ഞ വാർദ്ധക്യത്തിലേക്ക്
ആ മധ്യവയസിനെ ചേർത്ത് വെക്കണമെന്നും,
ഊരും പേരും പരസ്പരം
പറഞ്ഞറിയണമെന്നും
അയാളുറപ്പിച്ചു..

ഇല്ല, അവളില്ല
പതിവിടത്തിൽ
ആഞ്ഞുനടന്നയാൾ

'ലോട്ടറി വിൽക്കണ തമിഴത്തി വണ്ടി തട്ടി
ചത്തെന്ന് വാക്കുകൾ നിറഞ്ഞു..'

ആൾക്കൂട്ടത്തെ വകഞ്ഞു
ഏന്തിനോക്കിയയാൾ.
ജീവനറ്റ് കിടക്കുമ്പോഴും അയാൾക്കായി
വിരിഞ്ഞ മന്ദാര ചിരി മാഞ്ഞിരുന്നില്ല..

ഓടി കൂടിയോർക്കാർക്കും
അവളുടെ പേരോ ഊരോ
അറിയില്ലെന്ന് .
പൂങ്കാവനം -വയസ് 45
എന്ന വാക്കിനാൽ,
അയാളുടെ പ്രണയത്താൽ
അജ്ഞാത മൃതദേഹമാകാതിരുന്നു അവൾ...

പിന്നെയൊരിക്കലും ആ നിരത്തയാളെ
കണ്ടതേയില്ല

# കുറുങ്കവിതകൾ



## വീട്

നോട്ടം കൊണ്ട്
നിശ്ബദരാക്കുന്നവർ
വാക്കുകൾ കൊണ്ട്
കൊല്ലുന്നവർ
ഒരൊറ്റ അലർച്ചകൊണ്ട്
ചീന്തിയെറിയുന്നവർ
അങ്ങനെയുള്ള ഇടങ്ങളെ
വീടെന്നല്ല കാടെന്ന്
വിളിക്കാനാണെനിക്കിഷ്ടം

## ഭയം

നിന്റെ ഭയങ്ങൾക്കു ചില
കണക്കുകൂട്ടലുകളുണ്ട്.....
നിന്നെ വെട്ടിനിരത്താമെന്നോ
പിഴുതെറിയാമെന്നോ
ഒക്കെ ആവാം
ഭയങ്ങളെ വേരുകളാക്കണം
നിൽക്കുന്ന മണ്ണിൽ
ആഴ്ന്നിറങ്ങണം
നിന്റെ വീഴ്ച്ച
പിന്നെയൊരു
സ്വപ്നം മാത്രം

## നീ

നീ വന്നതിനൊരു ഭംഗിയുണ്ട്
അതിനൊരു ആമുഖമില്ല...
നിയമങ്ങളില്ല തുടക്കമൊ
ഒടുക്കമൊ ഇല്ല...
പ്രതീക്ഷകളൊ നീരസങ്ങളൊ ഇല്ല
മേഘത്തിലൊളിച്ച നക്ഷത്രം പോൽ
നീയവിടെയുണ്ട് എന്റെയാകാശത്തിലെ
തിളക്കമുള്ള നക്ഷത്രം



**ക്ലേലിയാ ജോൺ**



# മധ്യമം



അജയ് നാരായണൻ

മധ്യമനെന്നു കാണും,
കണ്ണാടിയിലെ
സൂക്ഷ്മാകാരത്തെ
സ്വയം പഠിക്കും
കവിളിലെ ചുളിവിൽ
വിരൽ കോർക്കും
പ്രണയാന്വിതനാകും.

നരയിൽ നെടുവീർപ്പിടും
ചിരിയിൽ പുതുമ കാട്ടി
ചിലതൊക്കെ മറയ്ക്കും
സ്വയമാവർത്തനത്തിൽ
പഞ്ചമങ്ങൾ മൂളും,
വെറുതേ മൊബൈലിൽ
കയ്യൊപ്പു ചാർത്തും.

മൊത്തത്തിൽ ജീവിതം
കളറാക്കും,
സ്വനിഴലിനെ നോക്കിച്ചിരിക്കും,
സ്വ-ഭാവത്തിലാരോഹണം വരിക്കും!

മതിലിനുമപ്പുറമുള്ളയുഷസ്സിനെ
കണ്ണിറുക്കിക്കാട്ടും,
പൊന്നുതിർക്കും കണിക്കൊന്നയെ
നോക്കിനിൽക്കും,
സ്വപ്നസ്വരങ്ങളൂറും
ആരാധനയേറും
(സ്വന്തമാക്കുവാനുമാവാം).

വെറുതേ കുരയ്ക്കുന്ന
പട്ടിക്കിട്ടെറിയുമൊരു കല്ല്,
വഴിയേ പോയ
വയ്യാവേലിയെങ്കിലും
പത്രക്കാരനോടു ചെറുകുന്നായ്മ.

തലയിൽ കൈവച്ചു നിൽക്കുന്ന
പത്നിയിലവരോഹണക്കലിപ്പ്,
കേട്ടില്ലെന്നു നടിക്കും,
കട്ടനടിച്ചുന്മേഷത്തിൽ
പത്രമൊന്നോടിച്ചു വായിച്ചേ
കുളിയും തേവാരവും
സൂത്രത്തിലാക്കൂ.

ജോലിക്കായിറങ്ങും വഴി
ഭവാൻ മക്കളോടാരായും
"കാണാനെങ്ങനെയിന്നു ഞാൻ?"
കോണിൽ വിരിയും പൂക്കളെയൊതുക്കി
കട്ടയ്ക്കു മക്കളും നിൽക്കും,
പൊളിയല്ലേ,
ഞങ്ങടെ മുത്തല്ലേ, പൊന്നച്ഛൻ.

എന്നിട്ടുമതുകേട്ടെത്തും പത്നി
തലയൊന്നു വെട്ടിച്ചു,
ചുണ്ടൊന്നു കോട്ടി
പുറംതിരിഞ്ഞു നടക്കുംവഴി
മൊഴിയും, "വൈകിട്ടിറങ്ങുമ്പോൾ
നല്ല മീനെന്തെങ്കിലും വാങ്ങുക,
പച്ചക്കറിയും തീർന്നു
പച്ചരിയില്ല ദോശയ്ക്കാട്ടുവാൻ..."

ദീർഘമാം നിശ്വാസത്തിലൊരക്ഷരം-
പോലുമുരിയാടാതെയാ
മധ്യവയസ്കൻ
പ്രാരാബ്ധസ്സഞ്ചിയുമായി
ആരോഹണത്തിൽ...
അവരോഹണമില്ലാതെ കാലമോ
പിന്നാലെ!

# അരിപ്പൊടിക്കോലം

ഉദയത്തെ സ്വാഗതം ചെയ്തുകൊണ്ട്
വീടിന്റെ പൂമുഖത്തേക്കവൾ
പതിയെ ചുവടു വെച്ചു.

മുറ്റത്തെ ക്യാൻവാസിലേക്ക് യാചനയോടെ
അരയിൽ കുനിഞ്ഞ്
മുട്ടുകുത്തി
അവളെ തന്നെ രണ്ടായി മടക്കി.



വിരലിൽ നിന്നും തറയിലേക്ക് രൂപപ്പെടുന്ന
ആദിമ സങ്കീർണ്ണതയെ പ്രതിഷ്ഠിക്കാൻ ഒരു
പോയിന്റിലേക്കവൾ കണ്ണിമയ്ക്കാതെ
പൊട്ടു കുത്തി

മനസിന്റെ ധ്യാനാത്മകമായ ഭ്രമണത്തെ
ജ്യാമിതീയ രൂപകല്പനകൾ ചേർത്ത്
ധവളിമയോടെ തെരുവീഥിയിൽ വരച്ചിട്ടു

ആയിരം ആത്മാക്കളെ പോറ്റുന്ന
പകലിന്റെ അനശ്വരമായൊരു അനുഷ്ഠാനം!

അവിടേക്ക് മാത്രമായി യാത്ര തിരിച്ചവർക്ക്
വഴി തെറ്റിയില്ല.

നിരതെറ്റാതെ
അവർ വിശുദ്ധിയുടെ പടിക്കോലം ചുറ്റി.

പ്രഭാതകിരണങ്ങളേറ്റുവാങ്ങി
അന്നിന്റെ ദിനം പകുത്തുവെച്ചവർ
ദൈവത്തെ സ്തുതിച്ചു!

അരിപ്പൊടിക്കോലങ്ങളെ ചുംബിച്ച്,
കൈക്കുമ്പിളേന്തി രുചിച്ചത്
വിശപ്പിന്റെ മറ്റൊരു തത്വശാസ്ത്രം

വീടുഭരിക്കാതെ അങ്കണം വാഴുകയെന്നതത്രേ
അവർക്ക് പരിചിതം

നോക്കൂ,
അഗ്രഹാരത്തിലെ ഉറുമ്പുകൾക്ക് വിശക്കാറില്ലെന്നത്
വെള്ളപൂശിയ കള്ളമേയല്ല!



ഷഫീന സൈത്തൂൻ

# ഒറ്റ വാക്ക്



പൊഴിഞ്ഞു വീണ ഇലകളെല്ലാം,
ഞാനെടുത്ത് നോക്കി.
മൃതിയടഞ്ഞ ഓർമ്മകളെല്ലാം,
ഞാൻ ചികഞ്ഞ് നോക്കി.
ചിതൽപ്പുറ്റിൽ നീ കുഴിച്ചിട്ട
ചിരിവഞ്ചിയുടെ നിഴലും,
മണൽക്കാറ്റിൽ നീ തുറന്നിട്ട
കണ്ണീരിന്റെ കടലും,
നീ നിന്ന നിലവും,
നീ പോയ നിലാവും,
കൺമുനയോളം
വന്ന കനലും കഥയും,
ഒക്കെയും നോക്കി.
എന്നിട്ടും കണ്ടില്ല,
നീ പറയാൻ ബാക്കി വച്ച
ആ ഒറ്റ വാക്ക്;
സ്നേഹമെന്ന
മൂന്നക്ഷരത്തിന്റെ
പിന്നിൽ തളച്ചിടാതെ
പോയ ആ ഒറ്റ വാക്കിനി
എന്നാണ് നീ പറയുക?
ഇനി ഏത് ഋതുവിന്റെ
ഒടുവിലാണ്
നീ തിരികെ എത്തുക?
ഏത് വസന്തത്തിന്റെ
അവസാനത്തെ
പൂവിലാണ് നീ വിരിയുക?
ഏത് കണ്ണീര് വീണ്
മഴയാകുമ്പോഴാണ്,
നീ പുനർജനിക്കുക?



നിത്യാലക്ഷ്മി.എൽ.എൽ

# ക്രിക്കറ്റ്



ശഫീഖ് അബ്ദുല്ല

സ്വസ്ഥമയക്കത്തിലെ
സ്വപ്നങ്ങളിൽപ്പോലും
സിക്സറുകൾ പറന്നകാലത്ത്,
തെങ്ങുകളാൽ സമൃദ്ധമായ
ബാവഹാജിയുടെ
തൊടിയിലായിരുന്നു
ക്രിക്കറ്റ്കളി.

ബാറ്റ് ചെയ്യുന്നിടത്ത്
തടിവ്യത്യാസത്തിലും
ഉയരത്തിലൊന്നിച്ച,
ക്ലീൻബൗൾഡിൽ
നടുവൊടിഞ്ഞാൽപ്പിന്നെ
മറ്റൊന്നിന് പരതേണ്ടിവരുന്ന
മൂന്നുചുള്ളിക്കമ്പ്,
ബൗളിംഗ് എൻഡിൽ
ഒറ്റക്കല്ല് വലുത്.

ചെത്തിമിനുക്കിയ തടിയിൽ
സ്കെച്ച്പേനകൊണ്ട്
എം ആർ എഫ്
എന്നെഴുതിയ ബാറ്റ്,
ആയുർദൈർഘ്യത്തിന്റെ
സൂചികയറ്റിയ റബ്ബർപന്ത്.

ആഴ്ചകൾക്കിടയിൽ
പുതുക്കിപ്പണിയുന്ന,
ഐ സി സി പോലും
തോറ്റുപോകുന്ന
ക്രിക്കറ്റ് നിയമങ്ങൾ.

വടക്കേലെ
ബാവഹാജിയുടെ
വീട്ടുമുറ്റത്ത് വീണാൽ,
തെക്കുഭാഗത്ത്
മനോജേട്ടന്റെ വീടിന്റെ
ഓട്ടിൽ പതിച്ചാൽ,
ബാറ്റ്സ്മാൻ പുറത്ത്.

അടിച്ചപന്ത്
തെങ്ങിലോ ഓലയിലോ,
ബൗളിംഗ്എൻഡിന് പിന്നിലുള്ള
പുളിമരക്കൊമ്പിലോ തട്ടി
ദിശതെറ്റിവന്ന്
കൈപ്പിടിയിലൊതുക്കിയാലും
വിക്കറ്റ് തന്നെ.

എൽ ബി ഡബ്ല്യൂ
നിയമാവലി തൊടാത്തതിനാൽ
ബാറ്റ് തോൽക്കുന്നിടത്ത്
പ്രതിരോധംതീർത്ത
കാലുകൾ,
ഓവറിലെ അവസാനപന്തിലെ
സിംഗിളിന്
വിസമ്മതത്തിന്റെ
ബാറ്റുയർത്തിയ
നോൺസ്ട്രൈക്കർ.

ബൗണ്ടറിലൈനിനുള്ളിൽ
നിരന്നുനിൽക്കുന്ന
തെങ്ങുകൾക്കിടയിലൂടെ
പ്രത്യേക കഴിവിൽമാത്രം
പറക്കുന്ന സിക്സറുകൾ,
പിരിമുറുകുന്ന
കളിയുടെയവസാനം
ബാറ്റിംഗ്ടീമിന്റെ
സൂക്ഷ്മപരിശോധനയിൽ
പിറക്കുന്ന നോബോളുകൾ.

കാടുകൾ
വിഴുങ്ങുന്നവയ്ക്കുപുറമെ,
ഭരതേട്ടന്റെയും
മനോജേട്ടന്റെയും
കണ്മുന്നിലകപ്പെട്ടാൽ
അപ്രത്യക്ഷമാവുന്ന പന്തുകൾ.

മറവിയിലേക്ക്
മാരകഷോട്ടുതിർക്കുമ്പോഴും,
മഴയും വെയിലും
തോറ്റുപിന്മാറിയ
ക്രിക്കറ്റ്ഗ്രൗണ്ടിലെ
ഓർമകളിന്നും
ബൗണ്ടറി കടക്കാതെ
മികച്ച ഫീൽഡിങ്
കാഴ്ചവെക്കുന്നു.

ഇന്നലെയാണാ
ഗ്രൗണ്ടിനടുത്തൂടെ
നടന്നുപോയത്.
ഗ്രൗണ്ടിലപ്പോൾ
മൂന്നുവീടുകൾ തമ്മിൽ
ക്രിക്കറ്റ് കളിക്കുന്നു.



# നീ പിറന്ന നാൾ

ഓർമ്മകളുടെ ഞെട്ടിൽ നീ തൂങ്ങിയാടുന്നത് തന്നെയാണ്
ഒരു ജനൽപ്പാളിക്കപ്പുറം എന്റെ നിറങ്ങളിൽ പടരുന്നത്...

എന്നോട് കൊക്കുരുമ്മി നീയിറങ്ങിപ്പോയതിൽ പിന്നെ
എന്റെ പുഴകൾ കരഞ്ഞിട്ടില്ല
എന്റെ ഗർഭത്തിലെ പക്ഷികൾ ചിറകടിച്ചിട്ടില്ല
എന്റെ മണ്ണ് പൊട്ടിയൊലിച്ചിട്ടില്ല
എന്റെ വീഥികൾ നിറങ്ങളുമായി കലഹിച്ചിട്ടില്ല
എന്റെ കലമാനുകളുടെ കൺകോണുകൾ
പരസ്പരം കൂട്ടിയിടിച്ചില്ല.


ചിതലരിക്കാത്ത തായ്‌വേരുകൾ
അടിഞ്ഞുകൂടിയെന്റെ അകക്കാമ്പു വരെ പൊറുതിമുട്ടി.

പുറ്റൊരുക്കാൻ വെമ്പൽ കൊണ്ട ഉരഗങ്ങൾ
എനിക്കുമേലെ കൊട്ടാരങ്ങൾ കെട്ടിപ്പടുത്തു.

വിണ്ടുപൊട്ടിയ ചുമരുകളിൽ
രക്തപടലങ്ങൾ ഭൂപടങ്ങൾ വരച്ച
നഖച്ചിത്രങ്ങൾ മരുഭൂമികൾ തീർത്ത ജ്വാലാമുഖിയായ്
അസന്നിഗ്ദ്ധത വലിച്ചുമുറുക്കിയ പൊട്ടിത്തെറിയായ്
നിന്റെ അൾത്താരകളിൽ
ഞാൻ എരിഞ്ഞുകൊണ്ടേയിരുന്നു.



ഡോ. രമ്യാരാജ്



കവിത

# ബാക്കിപത്രം



കൂട്ടിക്കിഴിച്ചെന്തു ബാക്കി
കൂട്ടത്തിൽ കൂടാത്ത ചോദ്യം!
കാഴ്ചകൾ മങ്ങുന്ന നേരം
താഴ്ചകൾ താണ്ടുന്ന കാലം
നേട്ടങ്ങൾ കോട്ടങ്ങളെണ്ണി
തിട്ടപ്പെടുത്തും നാളെത്തി.
ഏതോ കിനാവീണമിട്ടു
കാതിലുണർത്തുപാട്ടെത്തി.
തള്ളിത്തുറന്നുള്ളിലെത്തി
നുള്ളി മനമുണർത്തുമ്പോൾ
കള്ളിയവൾക്കുള്ളിലെന്തോ
തുള്ളിത്തുളുമ്പിയെത്തുന്നു.
നീർമിഴി വാചാലം പെണ്ണിൻ
വേർപ്പിന്റെ മാദകഗന്ധം.
മാറോടു ചേർത്തൊന്നു മുത്തി
വേറിട്ട ബന്ധമുണർത്തി.
കെട്ടിപ്പിടിച്ചൊത്തു വാനിൽ
പട്ടങ്ങളായ് പാറി നീങ്ങി
കൊട്ടും കുരവയും കാതിൽ
തിട്ടമില്ലൊന്നിനുമെന്നായ്.
വേർപെടാൻ വയ്യാത്ത ബന്ധം
തേർതെളിച്ചെത്തുന്ന നേരം
പൂജക്കെടുക്കാത്ത പൂവായ്
തേജസ്സ് തേച്ചു മായ്ക്കുന്നു.
അർക്കനെയെത്തിപ്പിടിക്കാൻ
തക്കമെന്നോർത്തു വ്യാമോഹം.
കാട്ടിൻ തടിയുന്തി മാറ്റാൻ
നാട്ടിന്റെ തേവർക്കുണ്ടാന!
നേർക്കുനേരാർത്തു കയർത്തു
പോർവിളി ദിക്കെട്ടും ഞെട്ടി.
പാത്തും പതുങ്ങി വന്നെത്തി
ചേർത്തു വെച്ചാഞ്ഞു കുത്തുന്നു.
കെട്ടനാളിന്റെ കുടുക്കിൽ
നട്ടം തിരിഞ്ഞ ചരിത്രം.
തപ്പുകൊട്ടുന്നാർത്തി തീർക്കാൻ
തൊപ്പിക്കു ശേലിൽ ശിരസ്സും.
ഓട്ടമാണോടിപ്പിടിക്കാൻ




ജയപാലൻ കാര്യാട്ട്

നേട്ടമായ് ചീട്ടുകൊട്ടാരം.
പൊട്ടുന്ന വിഗ്രഹമോർക്കെ
ഞെട്ടിത്തിരിയും വിവേകം.
വാമൊഴി തീമൊഴി നാട്ടിൽ
കാരുണ്യം കാശിക്കുപോയി!
ആലംബഹീനന്റെ കണ്ണിൽ
കാലം കെടുത്തും വെളിച്ചം.
അന്ത്യനാളോർക്കാതെയെത്തും
ചിന്ത ചിതറിത്തെറിക്കും.
തോരാത്ത കണ്ണുനീരൊപ്പി
തീരാക്കടങ്ങളെ സ്വസ്തി!

കവിത

# ശൂന്യമാക്കപ്പെടുന്നവർ



മഞ്ജു ഗണേഷ്

ചില വീടുകൾ എത്ര പെട്ടെന്നാണ്
തമസ്സിന്റെ അഗാധതയിലേക്ക് ആണ്ടു പോകുന്നത്

അവിടെ നിശബ്ദത ഒരു രാജ്യമായി രൂപപ്പെടുന്നു
മാറാല പൊതിഞ്ഞയിടങ്ങൾ
വീടോ മനസ്സോയെന്ന് സംശയിക്കും

മുറ്റം നിറയെ പായലുകൾ വളരുകയും ആരും
എത്തി നോക്കാത്ത ഇടങ്ങളിൽ
കരിയിലക്കൂനകൾ രൂപപ്പെടുകയും ചെയ്യും

വറ്റി വരണ്ട മനസ്സുകളിൽ
നിന്ന് ഗദ്ഗദങ്ങൾ ഉയരുകയും
തേങ്ങലുകളുടെ ആഴ നീർച്ചാലുകൾ പൊട്ടിപ്പുറപ്പെടുകയും ചെയ്യും

ഉമ്മറത്തിണ്ണയിൽ ഒരമ്മ
ഇനിയും വിശ്വസിക്കാനാകാതെ
ദൂരേക്ക് മിഴിയും പായിച്ച്
വഴിക്കണ്ണുമായിരിപ്പുണ്ടാവും

ചാരുകസേരയിൽ ഒരച്ഛൻ
വിങ്ങുന്ന ഹൃദയത്തോടെ
ശൂന്യമായ മിഴികളോടെ
വിഹ്വലതയാർന്നിരിപ്പുണ്ടാകും

ജാലകത്തിനപ്പുറം
പുല്ലു വളർന്നു തുടങ്ങിയ
ചിതയിൽ നോക്കി രണ്ട്
നീർമിഴികൾ തുളുമ്പുന്നുണ്ടാവും

ശൂന്യത സൃഷ്ടിച്ച ഞെട്ടലിൽ നിന്നും മോചനം നേടാനാകാതെ
കാലമേൽപ്പിക്കുന്ന മുറിവുകൾ
ഏറ്റുവാങ്ങി വിധിയെ പഴിക്കുന്നുണ്ടാവും

ചില ജീവിതങ്ങൾ എത്ര പെട്ടെന്നാണ് തമസിന്റെ
അഗാധതയിലേക്ക് ആണ്ടു പോവുന്നത്
ശൂന്യമാക്കപ്പെടുന്നത്



കവിത

# അകലങ്ങളിൽ



നുഷ്റ സി എച്ച്

എത്ര ദൂരം നാം ചേർന്നുനടന്നു
കവിതകളിലലിഞ്ഞും
കഥകളിലുലഞ്ഞും

എത്ര വരികളിൽ നാം
ചിതറിക്കിടന്നു
ഓരോ ദിവസവും മറന്നില്ലെന്നോർമ്മിച്ച്
നാം നമ്മെ പങ്കുവെച്ചു .

തളംകെട്ടി നിൽക്കുന്നൊരു
നിശ്ചലതയിൽ
നാം നമുക്ക് നഷ്ടമാവുന്നുവോ?


മനസ് ആകുലതയിലാഴുമ്പോളും
ഉള്ളിൽ തോരാത്ത വാക്കിന്റെ താളം
മിഴികളെ കുളിരണിയിച്ച് ,
തൂലികയിൽ വിസ്മയം തീർത്ത് ,
നമ്മിൽ തളിർത്ത വാക്കിന്റെ ഈരടിയിൽ
നാമെന്നും നിറഞ്ഞു പൂത്ത് നിൽക്കില്ലേ,?

എന്നിലെ നീയും, നിന്നിലെ ഞാനും
 പൊഴിഞ്ഞുപോയാലും
നമ്മളിഴചേർന്ന് കൊരുത്തവാക്കുകൾ പൂക്കും
കൊഴിയാത്ത വസന്തമായി..

നിൻറെ കൺകോണിൽ
പൂക്കുമെന്നോർത്തു
ഞാൻ കാത്തിരുന്ന സ്വപ്നങ്ങളും ,
നീ മനസ്സിൽപോലും കരുതാതിരുന്നിട്ടും
വെറുതേ പൂക്കുന്ന ഞാനും തീർത്ത
സ്വപ്നങ്ങൾ ചിതറിക്കിടപ്പില്ലേ
നാം നടന്ന വഴികളിൽ ?

അന്തമില്ലാത്തൊരീ വഴികളിൽ
ഞാൻ നീയായും നീ ഞാനായും
നമുക്കിനിയും നടക്കാം .

മായാത്ത ഓർമ്മകളും
മറയാത്ത നിമിഷങ്ങളും
നമ്മളിടങ്ങളെ സുന്ദരമാക്കാൻ
തുടരാം നമുക്കീ യാത്ര.



# ബലിപ്പൂക്കളുടെ താഴവാരം

ഞാൻ മരിക്കും
മുൻപൊരു
വട്ടം കൂടി തമ്മിൽ
കാണണമെന്നുണ്ട്,

ദുഃഖം കൂടുതീർത്ത
തലയോട്ടിയിലെ
സ്വപ്നത്തിന്റെ
പച്ചവേരുകളിലും
വയലറ്റുപൂക്കൾ
നിറയുന്ന നിമിഷത്തിൽ,

നാം തമ്മിൽ
പറയാതിരുന്ന
വാക്കിന്റെ
മൗനാസ്ഥികളിൽ
കൊടുങ്കാറ്റു വന്നൂതുന്ന
സംഗീതം കേട്ട് ,

നഷ്ടപ്പെടലുകളുടെ
രാമഴകളിലും
ഇരുളിലൊരു
മഴവില്ലു വിരിയുമ്പോൾ

ആകാശത്തിന്റെ
നിശബ്ദതയൊരു
ശലഭത്തിന്റെ
മൂളലുകളിലേക്ക്
വഴി മാറുമ്പോൾ,

ചിറകുകൾ
കുഴഞ്ഞു പാറുന്ന
ദൈന്യമിഴികളിൽ
കാത്തിരിപ്പിന്റെ
വേഗം തെളിയുമ്പോൾ,



നിബിൻ കള്ളിക്കാട്



വെയിൽ രാത്രിയോട്
ഇണചേരുന്നൊരു
സായാഹ്നത്തിന്റെ
ചോര കലർന്ന
നിഴലിൽ വച്ച് ,

ബലിക്കല്ലിലും
നാവു നുണയുന്ന
തീരാദാഹത്തിന്റെ
മിടിപ്പിന്റെ സൂചിയിൽ
തൂങ്ങി മരിച്ച
മനസ്സിന്റെ
മുറിവുകളുടെ
തണലുകൾ
പരസ്പരം തുന്നാൻ,

വേദനകളുടെ
വിരഹ തഴമ്പുകളിൽ
ജീവന്റെ കണിക
പ്രവഹിക്കുന്ന
ഒഴുക്കുകളിൽ
ബലിയിട്ട ജീവിതം
നോക്കിയൊന്നു കരയാൻ ,

മരണം
വിരുന്നെത്തുന്ന
മഹാനാഴികയ്ക്കു
തൊട്ടു മുൻപ്
നാം തമ്മിലൊരു
വട്ടമെങ്കിലുമിനിയും
കാണണമെന്നുണ്ട് ,

സ്വപ്നത്തിലെങ്കിലും
ദീർഘമൗനമടക്കിയ
മാന്ത്രിക കല്ലറയായ
മനസ്സെന്ന മഹാരഹസ്യം
തമ്മിൽ പങ്കുവയ്ക്കാൻ ,

ഒരു ശ്വാസത്തിന്റെ
അതിർത്തികളിട്ട
ജീവന്റെ
വൻകരകളിലൂടെ
നാം അല്പം നടക്കണം,

നിത്യവും ഗന്ധമെഴുന്ന
ബലിപ്പൂക്കളുടെ
താഴ്‌വാരങ്ങളിൽ
കുരുതിയുടെ
നിറദീപം തെളിക്കുന്ന
പ്രേതാത്മാക്കളെ
സാക്ഷിയാക്കി
മോഹങ്ങളുടെ
ബലിത്തറയിലെത്തണം,

അവിടെയുള്ള
കണ്ണീരിന്റെ
സമുദ്രങ്ങളിൽ
എനിക്കെന്നിലെ
നീയെന്ന കവിതയെ
ബലിനൽകണം ...



ഭ്രാന്തു തെളിയുന്ന
പൊൻചെരാതുകളിൽ
നിറഞ്ഞ വെയിലിന്റെ
തിരി താഴ്ത്തണം ,

ചിന്തകളിലിരുൾ
മൂടുന്ന തീഷ്ണതയുടെ
നക്ഷത്രങ്ങളെ
എരിഞ്ഞുടയ്ക്കണം

ദുഃഖത്തിന്റെ
കൊടുങ്കാറ്റിൽ നിന്നും
പ്രതീക്ഷകളുടെ
പുൽനാമ്പുകൾ
പൊട്ടിവിടരുമ്പോൾ

നഷ്ടബലിയിൽ
ഇടറിവീണു
ജീവനുപേക്ഷിച്ചവരുടെ
സ്വപ്നം നിറഞ്ഞ
താഴ്‌വാരങ്ങളുടെ
നീർച്ചാലുകളെ
സാക്ഷിയാക്കി

ഇനിയും പിറക്കാത്ത
ജന്മാന്തരങ്ങൾ
മുങ്ങിയൊടുങ്ങുന്ന
ചുഴിയിലേയ്ക്കൂഴം
കാത്തിരിയ്ക്കുമ്പോൾ

പ്രിയപ്പെട്ടയെന്റെ
സ്വപ്ന ജീവിതമേ
നാം തമ്മിലൊന്നു
കൂടി കാണണമെന്നുണ്ട് ,

# നീരദങ്ങൾ

സലീന സലാവുദീൻ

നീരദങ്ങളേ, നിങ്ങൾ പറയുന്ന കഥകൾ
മഴ മുത്തുകളുടെ മിഴികളിൽ തെളിയുന്ന,
നേരം തീർക്കുന്ന നിമിഷങ്ങളുടെ യാത്രയാണോ?
അതോ, ആകാശക്കടലിൽ ഒഴുകുന്ന കപ്പലുകളാണോ?

കാലത്തിനെ ഗദ്യമാക്കി നിങ്ങൾ പകൽ തിരയുമ്പോൾ,
നിങ്ങളുടെ വരവിനായ് പുഴകളും കായലും കാത്തിരിക്കുന്നു.
നിശബ്ദതയുടെ തുടിമിടിപ്പോടെ നീങ്ങുമ്പോൾ
പൂവുകളിൽ തലോടുന്നു മഞ്ഞിന്റെ പ്രണയം.


ചെറുകാറ്റിനൊപ്പം നീ തുള്ളിച്ചാടി ഓടുമ്പോൾ,
സൂര്യരശ്മികൾ നിൻ നെയ്ത്തിൽ കുടുങ്ങുന്നു.
പകൽപായൽ നീളുമ്പോൾ നീലാകാശത്തിൻ
കടലുകൾ തുറന്ന് നിൻ തിരകളാൽ മുക്കുന്നു.

നീരദങ്ങളേ, നിങ്ങളുടെ മിഴികൾക്കടിയിൽ
ജന്മം തീർക്കുന്ന മണ്ണിന്റെ ഓർമ്മകളാണോ?
മഴയാകുന്ന നീർമുത്തുകൾ കൊണ്ട് നിൻ
പ്രണയം മണ്ണിൻ ഹൃദയത്തിൽ പതിക്കുന്നുവോ?

മണ്ണിനും മണ്ണിൻ മക്കൾക്കും നീ പുണ്യജലവും
വയലുകൾ മരിച്ച് നിൽക്കുമ്പോൾ ജീവനദിയായും
നിനക്കു കീഴിൽ നൃത്തം ചെയ്യുന്ന കാറ്റുകൾ
വഴുതുന്ന മണ്ണിൽ കാന്താരങ്ങൾ തഴുകുന്നു.

നീയൊരു മഴയുടെ സംഗീതമായി പടരുമ്പോൾ
നീയൊരു മഴവില്ലിന്റെ രാഗം തീർക്കുമ്പോൾ
സൂര്യകിരണത്തിൻ മേഘഹസ്തമാകുമ്പോൾ
നീയൊരു ഉറവയായി അരുവിയായി
പുനർജനിക്കുന്നുവോ!





കവിത

# പുഴ

എനിക്കേതു ഭാഷയാണ് മതമാണ്...
ഞാനൊഴുകുന്നു വന്യമായ കാടും മേടും
വിടർന്ന കാട്ടുപൂക്കളും തട്ടിതടവി
ഈ സ്വർഗ്ഗഭൂമിയിലൂടെ...
ചോദിക്കുന്നു ഞാൻ- നിന്നോടുതന്നെ ഞാനെങ്ങനെ തടവിലായി...

ക്ഷിതി സ്പന്ദനത്തിൽ കുളിർ
തട്ടിയ കാറ്റിൽ താളത്തിലോളപ്പരപ്പിൽ
അലതല്ലി ഒഴുകുന്ന...
ഞാനെങ്ങനെ തടവിലായി...
ഒഴുകാനെനിക്കൊരു വഴിയുണ്ട് വക്കുണ്ട്
വിറങ്ങലിച്ചൊഴുകുന്ന താളം തുളുമ്പുന്ന
പുഴയാണ് മനുഷ്യാ, ഞാനെങ്ങനെ തടവിലായി...

പരലും മണലും മാനത്തുക്കണ്ണിയും
പള്ളകീറി നീ, കവർന്നെടുത്തപ്പോഴും
പിടഞ്ഞെന്റെയുള്ള് മൗനത്തിലായി...
എങ്കിലിന്നെന്റെ
കലിപൂണ്ട ആർത്തലപ്പിൽ
ഒഴുകാനെനിക്കൊരു വക്കില്ല ദിക്കില്ല
കവിഞ്ഞൊഴുകിയേതേതോ
വഴികളിൽ മനുഷ്യാ നിൻ ജീവൻ
കവർന്നെന്റെയീ വേദനയറിയിച്ചു പോകുന്നു...

എനിക്കേതു ജാതിയെന്താണീ മതങ്ങൾ...
ഞാനൊഴുകുന്നു ആർത്തലച്ചിന്ന്
മൺമറയാൻ ഞാൻ പൂവല്ല പുഴയാണ്
ഒഴുകണമീ കാടും കാട്ടുപൂഞ്ചോലകളും
കടന്നീ ക്ഷോണിതൻ ഹൃദയത്തുടിപ്പിൽ...



ആതിര നെല്ലിമൂട്

# കോട്ടമതിൽ

ആരൊക്കെയോ എനിക്ക് നേരെ പോർവിളികൾ മുഴക്കുന്നു....!

ആരൊക്കെയോ എനിക്ക് നേരെ വെല്ലുവിളികൾ  ഉയർത്തുന്നു....!

ചിലർ സഹതപിക്കുന്നു....!

ചിലർ സമാധാനിപ്പിക്കുന്നു.....!

ചിലർ കുറ്റം പറയുന്നു.....!



മറ്റുചിലർ വിമര്ശിക്കുന്നു....!

പക്ഷെ അവ എന്നിൽ ലവലേശം
 പോലും
ഇളക്കം തട്ടിക്കുന്നില്ല...!
എന്തെന്നാൽ
ഇരുളിന്റെ മൂടുപടം ഞാനിന്ന്
സ്വയം അണിഞ്ഞിരിക്കുന്നു.
ഏകാന്തതയുടെ മറവിൽ
ഭീമമായ ഒരു
കോട്ടമതിൽ എനിക്കായ്
പണിതിരിക്കുന്നു.
ആ കോട്ടമതിലിന്റെ ഭിത്തികൾ
എന്റെ മാംസംകൊണ്ടും,
അതിന്റെ കവാടം എന്റെ
ഹൃദയംകൊണ്ടും, അതിലെ
തറക്കുന്ന മുള്ളുകൾ എന്റെ
പൊള്ളുന്ന കണ്ണുനീരുകൊണ്ടും
തീർത്തിരിക്കുന്നു.
മർത്യാത്മാവിന്റെ ഓർമകളാം
 വിഭാവസുവാൽ ആ
കോട്ടമതിലിനു ഞാൻ ഒരു
ഭേരി തീർത്തിരിക്കുന്നു.
ആർക്കും കടക്കാൻ
കഴിയാത്ത രീതിയിൽ മഹത്തായ ഭേരി...!



**അജീഷ്മോൻ. ജെ**




### കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

## കുഞ്ഞിക്കിളി പറന്നേ

അത്തിമരത്തിലാണ് അമ്മ കിളിയും കുഞ്ഞികിളിയും താമസിച്ചിരുന്നത്. ഒരു ദിവസം അമ്മക്കിളി ഇര തേടി പുറത്ത് പോയി. മഴ വന്നത് പെട്ടന്നാണ്. ഇടി വെട്ടിന്റെ ശബ്ദം കേട്ട് കുഞ്ഞിക്കിളി ചുറ്റും നോക്കി അമ്മയെ കാണാതെ കരഞ്ഞു. കരച്ചിൽ കേട്ട് ചിമ്പു അണ്ണാൻ ഓടി വന്നു. വിഷമിക്കാതെ ഞാനിതാ വരുന്നു.

അവൻ ചാടിയതും ശക്തമായ കാറ്റിൽ ചില്ലയിളകി അവർ താഴെക്ക് വീണു. അപ്പോഴാണ് അമ്മ കിളി വന്നത്. അയ്യോ എന്റെ കൂട്.. കുഞ്ഞികിളി... അമ്മേ ഞാനിതാ ഇവിടെ.. നോക്കിയപ്പോൾ കുഞ്ഞികിളി കുഞ്ഞിച്ചിറക് വീശി അതാ പറന്നു വരുന്നു. അമ്മ കിളി സന്തോഷത്തോടെ അവളെ കെട്ടി പിടിച്ചു.

**ദ്വിവിക് വർമ്മ സി.കെ**
2ND STD
ANMMUPS തളി

## കടൽ

ഒഴുകുന്ന തിരമാലകളെൻ കാൽ തലോടവെ
എൻ കാതിൽ എന്തോ മൊഴിയുമിരമ്പം കേൾപ്പൂ
കടൽ പോൽ ഒഴുകും
എൻ ജൻമങ്ങൾ തൻ സംഗീതം.

ആരാധ്യ വർമ്മ സി.കെ
6th std
ANMMUPS തളി

## പ്രണയം

നാലു മുതലാ നിന്നെ
ഞാൻ കാണുന്നു വേ.
അന്നുമുതൽ തന്നോട്
ഇഷ്ടം തോന്നിയേ .
അതുപോലെതന്നെയാണോ നിനക്കും ?
എൻഹൃദയത്തിലൊരു
ചൂട്
നെറ്റിയിലൊരു തണുപ്പ്
ആ മണിനടിയിലേക്ക് നീ വരുമല്ലോ
മാലഖയായിട്ട്

**അഷ്മിൽ വെള്ളലശ്ശേരി**
8th Std
ജാമിഅ ഐനിൽ ഐനുൽ
ഹുദ കാപ്പാട്

## മരണ വാതിൽ

കറുപ്പിന്റെ മന്ദരപ്പും
പുകയുടെ ചാരവും
ലഹരിയുടെ ലോകത്
വർധിച്ചിടവേ .
കുടുംബം നോക്കി
ആസ്വദിക്കാൻ
സ്വപ്നങ്ങൾ മറന്ന
മനുഷ്യരിൽ
ചിറ്റുന്ന തേളിന്റെ
വിഷം ശിരസ്സിൽ
കയറ്റിടവെ
ചിറ്റുന്ന വിഷവും
കയറ്റുന്ന മരുന്നുകളും
മനുഷ്യരിൽ ഇന്ന്
നിത്യമാണ്
പരസ്പ്പരം കൊന്ന്
നില വിളിച്ചും
ഇപ്പോഴത്തെ ജന്മങ്ങൾ
പായമാക്കുന്നു.

**മുഹമ്മദ് ഷഹൽ ഇ**
പൂളമണ്ണ, ക്ലാസ് : 9
മഅദിൻ സ്കൂൾ ഓഫ് എക്സെല്ലൻസ്

## ജംബു ആനയും നീളൻ കഴുത്തും

ഒരിക്കൽ ജംബു ആനക്ക് മോഹം ജിറാഫിനെ പോലെ കഴുത്ത് വേണം. അവൻ ജിക്ഷു ജിറാഫിനോട് ഇത് പറഞ്ഞു
ജിക്ഷു: എന്തിനാ ഇപ്പൊ ഇങ്ങനെ ചെയ്യണേ
ജംബു: ഉയരത്തിൽ ഉള്ള ഓല കഴിക്കാലോ
ജിക്ഷു മരുന്ന് കുത്തിവച്ച് തല നീളത്തിലാക്കി.
അങ്ങനെ നീളൻ കഴുത്തുമായി അവൻ കാട്ടിലെത്തി. അവനെ കണ്ട് മൃഗങ്ങൾ പേടിച്ചോടി
അയ്യോ വിചിത്ര ജീവി ഓടിക്കോ
ഓടിക്കെടാ അതിനെ..

പേടിച്ചോടിയപ്പോൾ തല മരത്തിൽ തട്ടി.

വീണ്ടും ഓടി വീണ്ടും ഇടിച്ചു.
വേദന കൊണ്ട് അവൻ ജിക്ഷുന്റെ അടുത്തെത്തി കരഞ്ഞു
ജംബു: എനിക്കിനി നീളൻ കഴുത്ത് വേണ്ടേ
ജിക്ഷു: ഞാനപ്പഴേ പറഞ്ഞില്ലേ നിന്നോട്..

ജിക്ഷുമരുന്ന് കുത്തി വീണ്ടും പഴേ പടിയാക്കി.. പിന്നീടൊരിക്കലും അവൻ നീളൻ കഴുത്ത് വേണം ന്ന് വാശി പിടിച്ചില്ല.

ദ്വിവിക് വർമ്മ സി.കെ
2 A
ANMMUPS തളി

## നല്ല ബാല്യം

ഇറയത്തു നിന്നുതിർന്ന്
തെയ്യം തുള്ളുന്ന ഞാനെന്റെ
ബാല്യം കിനാവ് കാണുന്നു.
കളിയും ചിരിയുമായ്
നൈർമല്യമായൊരാ
കുളിരുറും ഓർമ്മകൾ
നിന്നു പെയ്യുന്നു.
പാടവരമ്പിലൂടെ
ചേമ്പിലയും ചൂടി പണ്ട്
ചാറ്റൽ മഴയോട് കിന്നരിച്ചത്
മഴകൊണ്ട് വെയിലേറ്റ്
പൂവും പുഴയും കണ്ട്
കുളിരേറ്റ് കാറ്റിന്റെ മണമറിഞ്ഞ്
അമ്പിളി മാമന്റെ പൊട്ടു
വട്ടം കണ്ട് പപ്പടമെന്നോതി
പാതിരാ മുറ്റത്തു
ചുറ്റിത്തിരിഞ്ഞു നടന്ന കാലം
മണ്ണിന്റെ മണമന്നു
നിത്യം പരക്കുന്ന
നനവുള്ള നിനവുകൾ
കുളിരോർമയിൽ വന്നു
അശ്രു നിറയ്ക്കുന്ന
മധുരം കിനിയ്ക്കുന്ന
നല്ല കാലം എന്റെ ബാല്യ കാലം.

**ഹരിദേവ് പി. എസ്**
7–
(ജി.എം.യു.പി സ്കൂൾ വെന്നിയൂർ)

കവിത.

## എവിടെ പോകുന്നു?

മലയിൽ നിന്നുമൊഴുകി
പുഴ നീ പോകുന്നെവിടെ?
വഴിയേറെ പോകേണം,
കടലിൽ ചേർന്നീടേണം.


കുന്നിൽ നിന്നും വീശി
കാറ്റേ പോകുന്നെവിടെ?
കാടും നാടും താണ്ടി
കുളിരു പകർന്നീടേണം.

മണത്തു നിന്നെത്തി
മഴ നീ പോകുന്നെവിടെ?
വയലും കിണറും നിറയെ
തെളിനീരെത്തിക്കേണം.

കിഴക്കു നിന്നെത്തി
സൂര്യൻ നീ പോകുന്നെവിടെ?
ഇരുളിനെ നീക്കി വഴിയിൽ
വെട്ടമൊരുക്കീടെണം.

കാട്ടിൽ നിന്നുമെത്തി
കിളി നീ പോകുന്നെവിടെ?
കാട്ടു വിശേഷം പറയാൻ
നാട്ടിൽ പോയിടേണം.

**മുഹമ്മദ് ബിശ്റുൽ ഹാഫി**
കരുനാഗപ്പള്ളി
ക്ലാസ് : 10
മഅദിൻ സ്കൂൾ ഓഫ് എക്സലൻസ്



**Joann Mary.N.J**
V .B, SACRED HEART SCHOOL
THRISSUR



**ബ്രഹ്മദത്തൻ.എം.എ.**
Std 3.b
ജി.എൽ.പി.എസ് അമ്മാടം.





**ആരാധ്യ വർമ്മ സി.കെ**
6th std
ANMMUPS തളി



**ബ്രഹ്മദത്തൻ.എം.എ.**
Std 3.b
ജി.എൽ.പി.എസ് അമ്മാടം.



ദിവിക് വർമ്മ സി.കെ
2 th std
ANMMUPS തളി




Fahmidha Sulthana
6G
Eminence private school
Fujairah





അഭിനേതാവും എഴുത്തുകാരനുമായ ജീസ് കൈതാരം എഴുതിയ രണ്ടാമത്തെ ബുക്കാണ് കൈരളി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ഹൂറിയും ജിന്നും എന്ന ചെറുകഥാ സമാഹാരം. ഇരുപത് കഥകളടങ്ങിയ ഈ പുസ്തകത്തിലെ എല്ലാ കഥകളും മികച്ച വായനാനുഭവം തരുന്നവയാണ്. നല്ല ഒഴുക്കുള്ള ഭാഷാശൈലിയാണ് ജീസിന്റേത് വായന തുടങ്ങിയാൽ നിർത്താൻ തോന്നാത്തത്ര ഭംഗിയുള്ള എഴുത്ത്. ഹൂറിയും ജിന്നും ഏതാണ്ട് ഒരു നോവലിന്റെ കെട്ടിലും മട്ടിലുമുള്ള രചനയാണ്. ചെറുകഥകളാണെങ്കിലും അവയ്ക്ക് പലതിനും പരസ്പരബന്ധമുണ്ട്.

എൺപതുകളിലാണ് എല്ലാ കഥകളും പ്ളേസ് ചെയ്തിരിക്കുന്നത്. പഴയകാലത്ത് സ്വാതന്ത്ര്യമില്ലാതെ കഴിഞ്ഞിരുന്ന സ്ത്രീ ജീവിതങ്ങളുടെ കഥകളാണ് ഭൂരിഭാഗവും. സ്വന്തം കാര്യങ്ങളിൽ പോലും അഭിപ്രായ സ്വാതന്ത്ര്യമില്ലാത്ത കൗമാരക്കാരായ രണ്ടു പെൺകുട്ടികൾ അനുഭവിക്കുന്ന കഷ്ടതകൾ പറയുന്ന സൈനബ എന്ന കഥയിലൂടെയാണ് ഹൂറിയും ജിന്നും ആരംഭിക്കുന്നത്. ജീവിതത്തിലെ കഷ്ടതകളിൽ കൂടെ നിൽക്കാതെ ഉപേക്ഷിച്ചു പോയ ഭർത്താവ് തിരിച്ചു വന്നപ്പോൾ ആട്ടി ഇറക്കിയ മോളിയും, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിൽ ശാരീരിക ചൂഷണങ്ങൾക്ക് വിധേയരായി ജീവിക്കേണ്ടി വരുന്ന ചീരുവും ചീരങ്കിയുമെല്ലാം പലരീതിയിൽ പീഡനങ്ങളനുഭവിക്കുന്ന സ്ത്രീ ജീവിതങ്ങളുടെ പ്രതിനിധികളായി ഓരോരോ കഥകളിലായി നമുക്ക് മുന്നിലേക്ക് വരുന്നു. എന്നാൽ ഈ സ്ത്രീകഥാപാത്രങ്ങളിൽ നിന്നും വ്യത്യസ്തയാണ് ബുക്കിന്റെ പേരായ ഹൂറിയും ജിന്നും കഥയിലെ ഹൂറി. തന്നെ ആത്മാർത്ഥമായി സ്നേഹിച്ച പുരുഷനെ മതത്തിന്റെ പേര് പറഞ്ഞ് ഉപേക്ഷിച്ചു സമ്പന്നനായ ഒരാളെ വിവാഹം കഴിച്ചു പോകുന്നവൾ സ്വാർത്ഥതയുടെ പ്രതീകമായി മാറുന്നു.

ഒരുവിധം എല്ലാ കഥകളിലും നിറഞ്ഞു നിൽക്കുന്ന കഥകളെ ബന്ധിപ്പിക്കുന്ന മോളിയുടെ മകൻ വർക്കിയിലൂടെ ബാല്യത്തിന്റെ നിഷ്കളങ്കത എഴുത്തുകാരൻ നമുക്ക് കാണിച്ചുതരുന്നു. ഉപേക്ഷിച്ചു പോയ അച്ഛനെ കാത്തിരിക്കുന്ന വർക്കി നമുക്ക് വേദനയാകുമ്പോൾ അവന്റെ സ്കൂൾ ജീവിതത്തിലെ വികൃതികൾ ആസ്വാദ്യകരമായി മാറുന്നു. ഒരു കൊലപാതകത്തിന്റെ ചുരുളഴിക്കുന്ന റസ്ക് എന്ന കഥയും, മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷത്തിന്റെ കഥപറയുന്ന തേറ്റയും, മുസ്ല്യാരുടെ പോത്തിനെ തേടിപ്പോകുന്ന പളനിയുടെ കഥ പറയുന്ന ബലിക്കല്ലും ഒന്നിനൊന്ന് വ്യത്യസ്തമാണ്. ഭർത്തൃവീട്ടിലെ പീഡനങ്ങളെ അതിജീവിച്ച് പഠിച്ചു ഉയരങ്ങളിലെത്തുന്ന മുസ്ലിം യുവതിയുടെ കഥയായ ജീവിതം ജീവിച്ചു കാണിക്കുന്നവർ ആണ് പുസ്തകത്തിലെ അവസാന കഥ.

വയനാടൻ ഗ്രാമീണ പശ്ചാത്തലത്തിൽ സാധാരണക്കാരായ ഗ്രാമീണരുടെ ജീവിതം വരച്ചു കാണിക്കുന്ന മനോഹരമായ കഥകളാണ് ഈ ബുക്കിലുള്ളത്. ജീസ് കൈതാരത്തിന്റെ ഹൂറിയും ജിന്നും തന്ന മികച്ച വായനാനുഭവം, അദ്ദേഹത്തിൽ നിന്നും കൂടുതൽ രചനകൾ പ്രതീക്ഷിക്കുന്നതിന് കാരണമാകുന്നു.



**സന്തോഷ്കുമാർ കെ.**